COCHIN
INTERNATIONAL
AIRPORT LTD.
PUBLICATION

JANUARY - MARCH
2015

# എന്റെ സിയാൽ

## nava swagatham!




## സിയാൽ ബ്രാൻഡിന് തുടക്കം

CIAL

COCHIN INTERNATIONAL AIRPORT LIMITED



# MD's Note

## മുന്നേറാം; പുതിയ ലക്ഷ്യത്തിലേയ്ക്ക്

ഇരുപത് വർഷം മുമ്പ് നമ്മൾ തുടങ്ങിയ ഒരു യാത്ര ഒരുപാട് പ്രതിസന്ധികളേയും പരീക്ഷണങ്ങളേയും അതിജീവിച്ച് പുതിയ മേഖലകളിലേയ്ക്ക് കടക്കുകയാണ്. ഒന്നുമില്ലായ്മയിൽ നിന്ന് ഒരു വിമാനത്താവളം പണികഴിപ്പിക്കാൻ നമ്മൾ കാണിച്ചിട്ടുള്ള ധൈര്യം ഏറെ പ്രസിദ്ധി നേടിയിട്ടുണ്ട്. ദേശീയ വ്യാപകമായി സിയാൽ മാതൃക ഇന്ന് അംഗീകരിക്കപ്പെടുന്നതിന് പിന്നിൽ ഏറെ കാരണങ്ങളുണ്ട്. നമുക്ക് വേണ്ടി ഭൂമി നഷ്ടപ്പെടുത്തിയവരോട് നമ്മൾ കാണിക്കുന്ന സഹാനുഭൂതി......... ഈ മേഖലയുടെ വികസനത്തിൽ സിയാൽ വഹിക്കുന്ന പങ്ക്.......... പരിസ്ഥിതി സൗഹാർദമായ വികസനം എന്നിവയാണ് ആ ഘടകങ്ങൾ. ഈ മൂല്യങ്ങളിൽ ഊന്നി നിന്നുകൊണ്ട് നാം നമ്മുടെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുകയാണ്. നിങ്ങൾ മനസ്സിലാക്കിയിട്ടുള്ളതുപോലെ, ഊർജരംഗത്ത് സ്വയം പര്യാപ്തത നേടുന്ന രാജ്യത്തെ ആദ്യത്തെ വിമാനത്താവളമാകാനുള്ള ഉദ്യമമാണ് അതിൽ പ്രധാനം. ഇത്തരം പുതിയ പദ്ധതികളിലേയ്ക്ക് സിയാൽ കടക്കുമ്പോൾ നമ്മുടെ മൂല്യങ്ങളെ പ്രതിനിധാനം ചെയ്യാൻ ഒരു അടയാളം വേണമെന്ന് മാനേജ്മെന്റ് മനസ്സിലാക്കുന്നു. ലോകത്തിന് മുന്നിൽ നിരവധി മാതൃകകൾ കാണിച്ചിട്ടുള്ള സിയാലിനെ കെട്ടിലും മട്ടിലും ആഗോള നിലവാരത്തിൽ ഉയർത്താനുള്ള ശ്രമത്തിനാണ് നാം തുടക്കം കുറിക്കുന്നത്. സിയാലിന് ഇതാദ്യമായി ഒരു ലോഗോ ഉണ്ടാകുന്നു. ആ ലോഗോയുടെ രൂപവും ഭാവവും നിറവുമൊക്കെ ഉൾക്കൊണ്ട് നമ്മുടെ സമസ്ത ആശയവിനിമയ രീതികളും മാറുകയാണ്. നാം ഉപയോഗിക്കുന്ന സ്റ്റേഷനറി വസ്തുക്കൾ, വെബ് സൈറ്റ്, സാമൂഹിക മാധ്യമങ്ങൾ, പത്ര, ദൃശ്യ പരസ്യങ്ങൾ, ടെർമിനലുകൾക്ക് അകത്തും പുറത്തുമുള്ള ഡിജിറ്റലും അല്ലാതെയുമുള്ള കിയോസ്കുകൾ, നമ്മുടെ സൈനേജ് സംവിധാനം, പുതിയ അന്താരാഷ്ട്ര ടെർമിനൽ എന്നിവയിലെല്ലാം ഈ മാറ്റം പ്രതിഫലിക്കും.

കഴിഞ്ഞ ഒമ്പതുമാസമായി നടക്കുന്ന അക്ഷീണ പ്രയത്നത്തിന്റെ ഫലമാണ് ഈ ലോഗോയും അനുബന്ധ പ്രവർത്തനങ്ങളും. കേരളത്തിന്റെ പ്രകൃതി, സിയാലിന്റെ ലാളിത്യം എന്നിവ പ്രതിഫലിക്കുന്ന അന്താരാഷ്ട്ര നിലവാരമുള്ള ലോഗോയായിരുന്നു നമുക്ക് ആവശ്യം. പാരമ്പര്യേതര ഊർജ സ്രോതസ്സുകളെ ഉപയോഗിച്ച് പരിസ്ഥിതിയ്ക്ക് കോട്ടം തട്ടാതെ പുതിയ വിഹായസ്സിലേയ്ക്ക് നാം പറക്കുകയാണ്. ഇന്ത്യയിലെ ഒരേയൊരു ജനകീയ എയർപോർട്ട് ഇനി ഗ്രീൻപോർട്ട് എന്ന നിലയിലും അറിയപ്പെടണം. ലോകമാകെ ഹരിത ചിന്തകൾക്ക് പ്രസക്തിയേറുന്നു. നാം വസിക്കുന്ന ഭൂമിയുടെ ഈ ചെറിയ പ്രദേശത്തെ നമ്മളാൽ കഴിയുന്നവിധത്തിൽ നമ്മൾ സംരക്ഷിക്കണം. ഇവിടുത്തെ പരിസ്ഥിതി, പ്രകൃതി വിഭവങ്ങൾ, എന്നും നമ്മോടൊപ്പം നിന്നിട്ടുള്ള ജനങ്ങൾ, സിയാലിലും അനുബന്ധ സ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന വലിയൊരു സമൂഹം. ഇവരെയൊക്കെ ഉൾക്കൊണ്ടുകൊണ്ടുള്ള വികസന ദർശനമാണ് നമ്മൾ മുന്നോട്ടുവയ്ക്കുന്നത്. ഗ്രീൻപോർട്ട് എന്ന പദത്തിൽ ഈ കാഴ്ചപ്പാടുണ്ട്.

കൊച്ചിൻ എയർപോർട്ട് വെറുമൊരു വിമാനത്താവളം മാത്രമല്ല. ജനകീയ പങ്കാളിത്തത്തോടെ നിലനി ൽക്കുന്ന ഗ്രീൻപോർട്ട് ആണെന്ന ആശയം മാനേജ്മെന്റ് മുന്നോട്ടുവയ്ക്കുന്നു. ഈ ആശയം പ്രാവർത്തികമാകണമെങ്കിൽ നിങ്ങളുടെ എല്ലാവരുടേയും പിന്തുണ മാനേജ്മെന്റിന് ആവശ്യമാണ്. കാലം നമുക്കായി കരുതിവയ്ക്കുന്ന പരീക്ഷണങ്ങളെ നേരിടാൻ ആ പിന്തുണയുണ്ടാകുമെണ് ഞാൻ കരുതുന്നു.



വി.ജെ.കുര്യൻ

എന്റെ സിയാൽ
COCHIN INTERNATIONAL AIRPORT LTD. PUBLICATION

ജനുവരി-മാർച്ച് 2015 വാല്യം 5, ലക്കം 3

എഡിറ്റോറിയൽ ഉപദേശക സമിതി

**എ.സി.കെ. നായർ**
(ഇ.ഡി. ഓപ്പറേഷൻസ് & എയർപോർട്ട് ഡയറക്ടർ)

**എ.എം. ഷബീർ**
(ഇ.ഡി. എൻജിനീയറിംഗ് സർവ്വീസസ്സ്)

ചീഫ് എഡിറ്റർ
**കെ.പി. തങ്കച്ചൻ**
(ഡി.ജി.എം. സിവിൽ)

എഡിറ്റർ
**പി.എസ്. ജയൻ**
(മനേജർ, കോർപ്പറേറ്റ് കമ്യൂണിക്കേഷൻ)

**എഡിറ്റോറിയൽ ബോർഡ് :**

സി ദിനേശ് കുമാർ
(അസി. ജനറൽ മാനേജർ, ഓപ്പറേഷൻസ്)

ജോസഫ് പീറ്റർ
(സീനിയർ മാനേജർ കോമേഴ്സ്യൽ)

ഡൊമിനിക് ഫെർണാണ്ടസ്
(മാനേജർ കയാസ് & എൽ.എ.)

പവിത്രൻ വി.പി.
(മാനേജർ ഫയർ)

പ്രസന്നകുമാർ വി.എസ്.
സീനിയർ അസിസ്റ്റന്റ്, ഡ്യൂട്ടി ഫ്രീ

ഹേമ ഡി.
(സീനിയർ അസിസ്റ്റൻസ്, ഐ ടി

എൻ. ശെൽവരാജ്
അസി. ഡ്യൂട്ടിഫ്രീ

ഡിസൈൻ
ലൈറ്റ്സ് & എഫ് എക്സ്
എന്റർടെയിൻമെന്റ്, കൊച്ചി.

കവർചിത്രം :
സിയാലിന്റെ പുതിയ ലോഗോയുടെ ത്രീ ഡി പതിപ്പ് മാനേജിംഗ് ഡയറക്ടർ വി.ജെ. കുര്യന് നൽകിക്കൊണ്ട് മന്ത്രി കെ. ബാബു പ്രകാശനം ചെയ്യുന്നു

ഇതിൽ ചേർത്തിരിക്കുന്ന ലേഖനങ്ങളിലെ അഭിപ്രായങ്ങൾ ലേഖകരുടെത് മാത്രമാണ്. സിയാൽ മാനേജ്മെന്റിന് ഇവയിൽ ഉത്തരവാദിത്വമുണ്ടായിരിക്കുന്നതല്ല



Contents









06 സിയാലിന് പുതിയ ലോഗോ
08 കുതിപ്പിനു കുരുത്തോല കരുത്ത്
10 ഇത് കേരളത്തിന്റെയും മുദ്ര
14 യാത്ര - സ്കോട്ട്ലാൻഡ്
17 ഡ്യൂട്ടി ഫ്രീ
18 ഡോ. കമാൻഡന്റ്
20 സിയാൽ വാർഷിക പൊതുയോഗം
22 റോബട്ടിക് സുരക്ഷ
24 സിയാൽ- ലാഭവിഹിതം
26 അഭ്യന്തര യാത്രക്കാരുടെ എണ്ണം
28 ഇന്ത്യൻ കാർ വിപണി
31 മാലിന്യ സംസ്കരണം
32 സിയാൽ വിശേഷം



# പ്രാർത്ഥന; ഉൾനിറഞ്ഞ്...

വർഷങ്ങൾക്ക് മുൻപ് നടന്ന സംഭവമാണ്. അമേരിക്കയിലെ മിസ്സിസിപ്പി നദിയിൽ റയിൽവേ അധികൃതർ ഒരു പാലം പണിയാൻ തീരുമാനിച്ചു. സ്റ്റീം ബോട്ടിന്റെ ഉടമകൾ ആ സംരംഭത്തെ എതിർത്തു. നദിയിൽ കൂടി ബോട്ടുകൾ ഓടിക്കാനുള്ള ഞങ്ങളുടെ അവകാ ശത്തെ ചോദ്യം ചെയ്യുന്ന പാലം കെട്ടൽ തടയണമെന്ന് ആവശ്യപ്പെട്ട് അവർ കോടതി യിൽ എത്തി. കോടീശ്വരൻമാരായ ബോട്ടുടമകൾ അന്നത്തെ ഏറ്റവും പ്രഗൽഭനായ ഒരു വക്കീലിനെ കേസു വാദിക്കാനായി ചുമതലപ്പെടുത്തി. വാദം കേൾക്കാനായി വമ്പിച്ച ജനക്കൂട്ടം കോടതി യിലെത്തി. രണ്ടുമണിക്കൂർ നീണ്ടുനിന്നു ന്യായവാദം. വാചാലമായ ആ പ്രസംഗം ഏവരി ലും ന്യായബോധം ഉണർത്തി. പ്രസംഗം അവസാനിച്ചപ്പോൾ നീണ്ട കരഘോഷം മുഴങ്ങി. അപ്പോഴാണ് റയിൽ വെയുടെ വക്കീൽ പ്രസംഗിക്കാനായി എഴുന്നേറ്റത്. ഇനിയെന്തുണ്ട് പറയാൻ , എല്ലാപഴുതുകളും അടച്ചല്ലേ വാദിഭാഗം വാദിച്ചത് എന്ന മട്ടിൽ ഏവരും അദ്ദേഹത്തെ സഹതാപത്തോടെ നോക്കി. അതൊന്നും തന്നെ ബാധിക്കുന്നതല്ലെന്ന ഭാവത്തിൽ അദ്ദേഹം പറഞ്ഞുതുടങ്ങി. എതിർഭാഗത്തിനുവേണ്ടി വാദിച്ച എന്റെ മാന്യസ്നേഹിതനെ ഞാൻ ഹൃദയപൂർവ്വം അഭിനന്ദിക്കുന്നു. ഇതിനേക്കാൾ വാചാലമായ ഒരു ന്യായവാദം ഇതിനു മുൻപ് ഞാൻ കേട്ടിട്ടില്ല.

പക്ഷേ ഈ കേസിലെ പ്രധാന പ്രശ്നം അദ്ദേഹം കണ്ടില്ല. നദിയിലൂടെ സഞ്ചരിക്കുന്നവർക്ക് ഇന്നുള്ള അവകാശത്തേക്കാൾ ഒട്ടും കുറവല്ല നദിയുടെ ഒരു കരയിൽ നിന്നും മറുകരപറ്റാൻ ആഗ്രഹിക്കുന്നവർക്കുള്ളത്. നദിയിലൂടെ സഞ്ചരിക്കുന്നവർ എന്തിനാ ണ് നദിയുടെ ഒരു കരയിൽ നിന്നും മറുകരയിലേക്ക് കടക്കുന്നവരെ തടയുന്നത്. അതിന് ഇവർക്കെന്താണ് അവകാശം,. ഈയൊരു പ്രശ്നമേ കോടതിയുടെ മുന്നിൽ എത്തിക്കാനു ള്ളൂ. വലിയ വേഷപ്പകിട്ടൊന്നുമില്ലാത്ത നീണ്ടുമെലിഞ്ഞ ആ നാടൻ വക്കീലിന്റെ വാദം കോടതി ശ്രദ്ധിച്ചു. ആ വക്കീലിന്റെ പേര് എബ്രഹാം ലിങ്കൺ. അദ്ദേഹം കേസ് വാദിക്കാൻ രണ്ട് മിനിറ്റുമാത്രമേ എഴുന്നേറ്റുള്ളൂ. പക്ഷേ അതിന്റെ സത്തയുൾക്കൊണ്ടുകൊണ്ടായി രുന്നു കോടതിയുടെ വിധി.



കാര്യങ്ങൾ ഒതുക്കി പറയാനുള്ള കഴിവ് വാചാലമായ നെടുങ്കൻ പ്രസംഗങ്ങളെക്കാൾ ഫലം നൽകുമെന്നാണ് സത്യം. നമ്മുടെ പ്രാർത്ഥനകളുടെ കാര്യത്തിലും ഇതു ശരി യാകുന്നു. ചിലരുടെ പ്രാർത്ഥന ദൈവത്തിനു മുമ്പിലുള്ള വാചാലമായ കേസുവാദിക്കലായി തീരാറുണ്ട്.തങ്ങൾക്കനുകൂലമായ വിധിയുണ്ടാക്കുന്നതിനായി ദൈവത്തിനു മുന്നിൽ തന്റെ നിലപാടുകൾ നിരത്തിവച്ചു കേസുവാദിക്കാൻ അവർക്കസാമാന്യമായ വാഗ്ചാതുര്യം പ്രകടിപ്പിക്കുന്നു.പ്രാർത്ഥന ആവിധം വാഗ്സമരമോ, വിലപേശലോ ആകേണ്ടതുണ്ടോ? എല്ലാം അറിയുന്ന സർവ്വേശ്വരന്റെ സന്നിധിയിലാണ് നാം നിൽക്കുന്നതെന്നോർക്കുമെങ്കിൽ ഈവക സാധൂകരണങ്ങൾക്കെന്തു പ്രസക്തി.

വ്യാകരണതെറ്റില്ലാത്ത ഭാഷയിൽ തന്റെ നിവേദനം സമർപ്പിച്ചാൽ ദൈവം പ്രസാദിക്കുമെന്നത് സത്യത്തിൽ മിഥ്യയല്ലേ? മനസു ദൈവത്തിന്റെ പരമോന്നതമായ ഇച്ഛക്ക് സ്വയം വഴങ്ങുവാനും സ്വയം സമർപ്പിക്കുവാനും സന്നദ്ധനായി ഏറ്റവും ചുരുങ്ങിയ വാക്കുകളിൽ തന്റെ സങ്കടം ബോധിപ്പിക്കുന്നതല്ലേ യഥാർത്ഥത്തിൽ പ്രാർത്ഥന.

പ്രാർത്ഥിക്കുന്നതിന് മുൻപേതന്നെ ദൈവം നമുക്ക് ഫലം തന്നെന്നുവരും, തന്റെ ഉറ്റവരുടെ ആവശ്യങ്ങൾ മുൻകൂട്ടി അറിയുവാനും ഉചിതമായ സമയത്ത് ആ ആവശ്യങ്ങൾ നി റവേറ്റിക്കൊടുത്തുപോന്നവനാണ് ദൈവം.

**കെ.പി. തങ്കച്ചൻ**
ചീഫ് എഡിറ്റർ.






*സിയാലിന്റെ പുതിയ ലോഗോയുടെ ത്രീ ഡി പതിപ്പുമായി മാനേജിങ്ങ് ഡയറക്ടർ വി.ജെ കുര്യൻ, ലോഗോ അനാവരണം ചെയ്ത മന്ത്രി കെ ബാബു, സിയാൽ ഡയറക്ടർമാരായ സി വി ജേക്കബ്, എ എം ബാബു, എയർപോർട്ട് ഡയറക്ടർ എ സി കെ നായർ, എക്സിക്യൂട്ടീവ് ഡയറക്ടർ എ.എം. ഷബീർ തുടങ്ങിയവർ സമീപം*

## സിയാലിന് പുതിയ ലോഗോ

# സിയാൽ ബ്രാൻഡിന് തുടക്കം

**സിയാലിന്റെ ഉപകമ്പനികളായ സിയാൽ ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റിഡ്, സിയാൽ ഏവിയേഷൻ സർവീസസ് ലിമിറ്റഡ് എന്നിവയുടേയും രൂപവിതാനങ്ങൾക്ക് ഇതോടെ മാറ്റം വരികയാണ്.**

കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡി(സിയാൽ)ന് പുതിയ ബ്രാൻഡ് പ്രതിച്ഛായ. സിയാലിനെ ആഗോള നിലവാരമുള്ള ബ്രാൻഡായി പ്രതിഷ്ഠിക്കുന്നതിന്റെ ഭാഗമായി പുതിയ ലോഗോ മന്ത്രിയും സിയാൽ ഡയറക്ടറുമായ ശ്രീ.കെ.ബാബു അനാവരണം ചെയ്തു. സിയാൽ മാനേജിങ് ഡയറക്ടറും അഡീഷണൽ ചീഫ് സെക്രട്ടറിയുമായ ശ്രീ.വി.ജെ.കുര്യൻ ഐ.എ.എസ്. ലോഗോ ഏറ്റുവാങ്ങി.

കേരളത്തിന്റെ പ്രകൃതിയും വ്യോമയാന രംഗത്തെ സിയാലിന്റെ കുതിപ്പും പ്രതിഫലിപ്പിക്കുന്നതാണ് പുതിയ ലോഗോ. കുരുത്തോല തോരണത്തിൽ നിന്ന് പ്രചോദനമാർജിച്ച് പുതിയ ആകാശത്തേയ്ക്ക് പറക്കുന്ന രീതിയിൽ ലോഗോ സൃഷ്ടിച്ചത് ബാംഗ്ലൂരിലെ പ്രശസ്ത ഡിസൈൻ സ്ഥാപനമായ ''ഇഡിയം ഡിസൈൻസ് ആന്റ് കൺസൽട്ടിങ് ലിമിറ്റഡാണ്.'' ഊർജസ്വയം പര്യാപ്തത കൈവരിക്കുക, പുതിയ വിമാനത്താവളങ്ങളേറ്റെടുക്കുക തുടങ്ങിയ വൈവിധ്യവത്ക്കരണ പരിപാടികൾക്ക് തുടക്കമിട്ട സിയാലിന് പുതിയ ബ്രാൻഡ് പ്രതിച്ഛായ ഊർജം പകരുമെന്ന് മന്ത്രി ശ്രീ. കെ.ബാബു പറഞ്ഞു. നാളിതുവരെ സിയാൽ കാത്തുസൂക്ഷിച്ച മൂല്യങ്ങളുടേയും ഹരിതാഭമായ ഭാവിയുടേയും ആത്മാവിഷ്ക്കാരമാണ് പുതിയ ലോഗോയെന്ന് മാനേജിങ് ഡയറക്ടർ വി.ജെ.കുര്യൻ പറഞ്ഞു.

പുതിയ ബ്രാൻഡ് പ്രതിച്ഛായ സൃഷ്ടിക്കപ്പെട്ടതോടെ സിയാലിന്റെ മൊത്തം ആശയ വിനിമയ രീതികൾക്ക് മാറ്റം വരികയാണ്. സ്റ്റേഷനറി, സാമൂഹ്യ മാധ്യമങ്ങൾ, ടെർമിനലുകൾക്ക് അകത്തും പുറത്തുമുള്ള ഹോർഡിങ്ങുകൾ, ഡിജിറ്റൽ കിയോസ്ക്കുകൾ, പുതിയ അന്താരാഷ്ട്ര ടെർമിനലിന്റെ അകത്തളങ്ങൾ എന്നിവയിലെല്ലാം ഈ ലോഗോയുടെ രൂപസംവിധാനം പ്രതിഫലിക്കും. സിയാലിന്റെ ഉപകമ്പനികളായ സിയാൽ ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റിഡ്, സിയാൽ ഏവിയേഷൻ സർവീസസ് ലിമിറ്റഡ് എന്നിവയുടേയും രൂപവിതാനങ്ങൾക്ക് ഇതോടെ മാറ്റം വരികയാണ്.

കൊച്ചി അന്താരാഷ്ട്ര വിമാനത്താവള കോൺഫറൻസ് ഹാളിൽ നടന്ന ചടങ്ങിൽ സിയാൽ ഡയറക്ടർമാരായ സി.വി.ജേക്കബ്, ഇ.എം.ബാബു, എയർപോർട്ട് ഡയറക്ടർ എ.സി. കെ.നായർ, എക്സിക്യൂട്ടീവ് ഡയറക്ടർ എ.എം.ഷബീർ, കോർപറേറ്റ് കമ്മ്യൂണിക്കേഷൻ മാനേജർ പി.എസ്. ജയൻ, ഇഡിയം കോ-ഫൗണ്ടർ സോണിയ മൻചന്ദാന തുടങ്ങിയവർ പങ്കെടുത്തു.












## ഹരിത ഭാവിയിലേയ്ക്കൊരു മുദ്ര

തികച്ചും പ്രകൃതി സൗഹാർദ സാങ്കേതിക വിദ്യ ഉപയോഗിച്ച് ഭാവി വൈവിധ്യവത്ക്കരണ പദ്ധതികൾ ആസൂത്രണം ചെയ്യുന്ന സിയാലിനെ ആഗോള വ്യോമയാന മേഖലയിൽ ഇടം നേടിക്കൊടുക്കാനുള്ള ശ്രമത്തിന്റെ ഭാഗമായാണ് പുതിയ ലോഗോയും ബ്രാൻഡ് പ്രതിച്ഛായയും സൃഷ്ടിക്കപ്പെടുന്നത്. വൻകിട സൗരോർജ പദ്ധതിയും ചെറുകിട ജലവൈദ്യുത പദ്ധതികളും നടത്തിയും പുതിയ വിമാനത്താവളങ്ങൾ ഏറ്റെടുത്തും വരുമാനം വർധിപ്പിക്കുകയാണ് കമ്പനിയുടെ ലക്ഷ്യം. ഈ ലക്ഷ്യങ്ങളെ അടയാളപ്പെടുത്തുകയാണ് പുതിയ ലോഗോ. അന്താരാഷ്ട്ര പ്രശസ്തമായ നിരവധി ഡിസൈൻ സ്ഥാപനങ്ങൾ പങ്കെടുത്ത തിരഞ്ഞെടുപ്പ് പ്രക്രീയയിൽ ബാംഗ്ലൂരിലെ ഇഡിയം ഡിസൈൻസ് ആന്റ് കൺസൽട്ടൻസി ലിമിറ്റഡാണ് വിജയിച്ചത്. കേരളത്തനിമയും ഹരിത സന്ദേശവും ഭാവിയിലേയ്ക്കുള്ള കുതിപ്പും സമന്വയിപ്പിച്ച് സിയാലിന്റെ കോർപറേറ്റ് കമ്മ്യൂണിക്കേഷൻ വിഭാഗത്തിന്റെ മേൽനോട്ടത്തിലാണ് ഇഡിയം പുതിയ ലോഗോ സൃഷ്ടിച്ചത്. ഇതോടെ സിയാലിന്റെ ആശയവിനിമയ ഉപാധികളുടെ രൂപസംവിധാനങ്ങൾ അടിമുടി മാറുകയാണ്.







# കുതിപ്പിനു കുരുത്തോല കരുത്ത്

## കുരുത്തോല കൊണ്ടുള്ള ഒരു വിമാനം ആകാശത്തേക്ക് പറന്നുയരുന്നതാണ് സിയാലിന്റെ പുതിയ മുദ്ര.


3 കൊച്ചി 24 നവംബർ 2014 തിങ്കൾ ബിസിനസ്

GREENER SKIES...

കുതിപ്പിനു കുരുത്തോല കരുത്ത്

2020ൽ 3000 കോടി രൂപ വരുമാനമുള്ള കമ്പനിയാകാൻ ലക്ഷ്യമിടുന്ന കൊച്ചി രാജ്യാന്തര വിമാനത്താവളക്കമ്പനി അതിൽ 600 കോടി രൂപ മാത്രമാണ് വിമാനങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനത്തിൽനിന്നു പ്രതീക്ഷിക്കുന്നത്. ഡ്യൂട്ടിഫ്രീ ഷോപ്പ്, റീട്ടെയിൽ വരുമാനം തുടങ്ങിയവയിലൂടെ 900 കോടിയും. ആകെ വരുമാന ലക്ഷ്യത്തിന്റെ പകുതിയും വിമാനത്താവളത്തിനു പുറത്ത്, വിമാനങ്ങളുമായി ബന്ധമില്ലാത്ത പ്രവർത്തനമേഖലയിൽനിന്നു ണ്ടാക്കാനാണ് സിയാൽ ശ്രമം. ഇതിനായി, സിയാലിനെ ഒരു രാജ്യാന്തര ബ്രാൻഡായി ഉയർത്തിക്കൊണ്ടുവരാനുള്ള നടപടികൾ തുടങ്ങിക്കഴിഞ്ഞു. പുതിയ മുദ്ര (ലോഗോ) കഴിഞ്ഞയാഴ്ച കമ്പനി പ്രകാശനം ചെയ്തു. കേരളത്തനിമയുള്ള ആ ലോഗോ രൂപപ്പെട്ടതെങ്ങനെ...

CIAL COCHIN INTERNATIONAL AIRPORT LIMITED

വർഗീസ് മേനാച്ചേരി

ഒന്നുമില്ലായ്മയിൽ നിന്ന് 300 കോടി രൂപ കണ്ടെത്തി വിമാനത്താവളം പടുത്തുയർത്തിയ കൊച്ചിരാജ്യാന്തര വിമാനത്താവളക്കമ്പനി, അതേ ലാളിത്യത്തിൽനിന്നാണ് പുതിയ ബ്രാന്റിങ് നടപടികൾക്കും തുടക്കം കുറിച്ചത്. കുരുത്തോലകൊണ്ടുള്ള ഒരു വിമാനം ആകാശത്തേക്ക് പറന്നുയരുന്നതാണ് സിയാലിന്റെ പുതിയ മുദ്ര. ഒരു വർഷത്തോളം നീണ്ട പരിശ്രമത്തിന്റെയും നിരീക്ഷണങ്ങളുടെയും ഫലമാണ് ഈ ലോഗോ. സിയാൽ കോർപ്പറേറ്റ്കമ്മ്യൂണിക്കേഷൻ വിഭാഗത്തിന്റെനേതൃത്വത്തിൽ ജീവനക്കാരുംയാത്രക്കാരും ഓഹരിയുടമകളുമെല്ലാം നൽകിയ ആശയങ്ങൾ ഉൾക്കൊള്ളിച്ച് ബാംഗ്ലൂരിലെ ഇഡിയം ഡിസൈൻസ് ആൻഡ് കൺസൽറ്റൻസി കേരളത്തിന്റെ സ്വന്തം കുരുത്തോല മുറിച്ചുവെച്ചു ചേർത്തുണ്ടാക്കിയ ആശയം.

എയർപോർട്ട് ഡയറക്ടറുടെ നേതൃത്വത്തിൽ ഏഴംഗങ്ങൾ ചേർന്നതായിരുന്നു ഇതിനായുള്ള സമിതി. വിഷയം ടെൻഡർ ചെയ്ത് ഏഴു കമ്പനികളെ തിരഞ്ഞെടുത്തു. ഇവർ വിവിധ മാതൃകകൾ സിയാലിനു നൽകി. മൂല്യ നിർണയത്തിലൂടെയും കൂടിയാലോചകളിലൂടെയും വിലയിരുത്തി മൂന്ന് ഏജൻസികളെ കണ്ടെത്തി. ഇവരിൽ നിന്നും സീൽഡ് ടെൻഡർ സംവിധാനത്തിലൂടെയാണ് ഇഡിയം ഡിസൈൻസിനെ തിരഞ്ഞെടുത്ത്.

കൊച്ചി മെട്രോയുടെ ഉൾപ്പെടെ ഒട്ടേറെ ദേശീയ വിദേശ കമ്പനികൾക്ക് തനതു വ്യക്തിമുദ്ര പ്രതിഫലിപ്പിക്കുന്ന ലോഗോകൾ ഡിസൈൻ ചെയ്തു നൽകിയിട്ടുള്ള കമ്പനിയാണ് ഇഡിയം. മലയാളികൾ എന്നുംഅഭിമാനിക്കുന്ന താമര, കണിക്കൊന്ന, വിവിധ പ്രകൃതിദൃശ്യങ്ങൾ, ദക്ഷിണേന്ത്യയുടെ കവാടം, ചീനവല, ഓണപ്പൂക്കളം തുടങ്ങിയ പല ആശയങ്ങൾ പരീക്ഷിച്ചും നിരീക്ഷിച്ചുമാണ് അവസാനം കരുത്തോലയിലേക്ക് എത്തിച്ചേർന്നത്. സിയാലി ന്റെ ആത്മാവ് കണ്ടെത്താനുള്ള ശ്രമമാണ് ആദ്യം ഇഡിയം സിസൈൻസ് നടത്തിയത്. ഇതിനായി പ്രത്യേക ചോദ്യാവലി തയാറാക്കി ജീവനക്കാർക്കും ഓഹരിയുടമകൾക്കും യാത്രക്കാർക്കുമെല്ലാം നൽകി. സിയാലിനെ ഒരു മൃഗമാണെന്നും സങ്കൽപ്പിച്ചാൽ ഏതു മൃഗത്തെയായിരിക്കും താങ്കൾ മനസ്സിൽ കാണുന്നതെന്നു തുടങ്ങി അത്യഗാധമായ ഗവേഷണ സംശ്ലേഷണങ്ങളുടെയാണ് ആകെത്തുക കണ്ടെത്തിയത്.

സിയാലിന്റെ മുഖമുദ്രകളായി കരുതുന്ന ലാളിത്യം, മൂല്യങ്ങളിൽ ഉറച്ചു നിൽക്കാനുള്ള വ്യഗ്രത, മുന്നോട്ടു കുതിക്കാനുള്ള വെമ്പൽ തുടങ്ങിയവയും ഇതോടൊപ്പം ചേർത്തു. മുകളിലേക്കു കുതിക്കുന്ന വിമാനത്തിന്റെ ആകൃതിയുള്ള കുരുത്തോല തോരണത്തിന്റെ രൂപത്തിലാണ് ഒടുവിൽ എത്തിച്ചേർന്നത്. കേരസമൃദ്ധിയുടെ നാട്ടിൽ കുരുത്തോലയെക്കാൾ മികച്ച പ്രതീകമില്ലല്ലോ.

ഈ ലോഗോ മുകളിലേക്കുള്ള ഒരു രശ്മിയെയും പ്രതിനിധാനം ചെയ്യുന്നു. വളർച്ചയിലേക്കുള്ള സിയാലിന്റെ അനുസ്യൂതമായ യാത്ര. ഇനി സിയാലിന്റെ രൂപവുംഭാവവും പച്ചപ്പു നിറഞ്ഞ ഈ ബ്രാൻഡിലും ലോഗോയിലും അധിഷ്ഠിതമായിരിക്കും. കേരളത്തിന്റെ പ്രകൃതിയും വ്യോമയാന രംഗത്തെയും മറ്റും സിയാലിന്റെ കുതിപ്പും ഇനി ഗ്രീൻ സംസ്ക്കാരത്തിൽ വളരും. പുതിയ ബ്രാൻഡ്പ്രതിഛായ സൃഷ്ടിക്കപ്പെട്ടതോടെ സിയാലിന്റെ മൊത്തം ആശയവിനിമയ രീതികളിൽ മാറ്റം വരുത്തിക്കൊണ്ടിരിക്കുകയാണ്. കമ്പനി വിസിറ്റിങ് കാർഡുകൾ മാറാൻ തുടങ്ങി. സ്റ്റേഷനറി, സാമൂഹ്യ മാധ്യമങ്ങൾ, ടെർമിനലുകൾക്ക് അകത്തും പുറത്തുമുള്ള ഹോർഡിങ്സുകൾ, ഡിജിറ്റൽ കിയോസ്കുകൾ, പുതിയരാജ്യാന്തര ടെർമിനലിന്റെ ഇന്റീരിയറുകൾ, പരസ്യങ്ങൾ തുടങ്ങിയവയെല്ലാം ഈ ലോഗോയുടെ രൂപസംവിധാനം പ്രതിഫലിക്കും. ഉപ കമ്പനികളായ സിയാൽ ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ്, സിയാൽ ഏവിയേഷൻ സർവീസസ് ലിമിറ്റഡ് തുടങ്ങിയവയുടെയും രൂപവിതാനങ്ങൾക്കും മാറ്റം വരും.

**വർഗ്ഗീസ് മേനാച്ചേരി**
മലയാളമനോരമ



*പ്രശംസകളുടെ ഇതളുകൾ മാത്രമേ എന്റെ സിയാലിൽ ആകാവൂ എന്ന കാര്യത്തിൽ ഒരു നിർബന്ധ ബുദ്ധിയും പുലർത്തുന്നില്ല. സൃഷ്ടിപരമായ വിമർശനങ്ങൾ കൂടിയുണ്ടായാലേ ഏത് സംരഭത്തിനും മാറ്റുള്ളൂ. അതുകൊണ്ടുതന്നെ ലോഗോയുമായി ബന്ധപ്പട്ടുള്ള ഒരു കൊച്ചുവിവാദത്തെയും ഈ പേജിൽ ഉൾപ്പെടുത്തുകയാണ്*

*-എഡിറ്റർ*

# കുരുത്തോലയും കുത്തകയും

സിയാലിന്റെ ലോഗോ ഇതിനോടകം തന്നെ പ്രശസ്തിയാർജിച്ചു. നമ്മുടെ ഫേസ് ബുക്ക് പേജിൽ പതിനായിരങ്ങളാണ് ലോഗോയെ പ്രശംസിച്ചുകൊണ്ട് കമന്റ് ചെയ്തത്. നേരിട്ടും അല്ലാതെയും നിരവധി പേർ സിയാലിന്റെ സാരഥികളെ ഇക്കാര്യം അറിയിക്കുകയും ചെയ്തു.

എന്നാൽ എല്ലാം പറയണമല്ലോ.... ചില കോണുകളിൽ നിന്ന് വിമർശനങ്ങളുമുണ്ടായി. ഏറെ ലളിതം എന്നതായിരുന്നു വിമർശനങ്ങളിൽ പ്രധാനം. കൊല്ലത്തെ ഒരു കലാസംഘടന 2007ൽ തങ്ങളുടെ ഒരു കലോത്സവവുമായി ബന്ധപ്പെട്ട് രൂപം നൽകിയ ലോഗോയുടെ മോഷണമാണ് സിയാൽ നടത്തിയതെന്ന് ആരോപിച്ചുരുന്നു. ഇതുമായി ബന്ധപ്പെട്ട്, പതിവുപോലെ ഒരു പത്രത്തിൽ റിപ്പോട്ടും വന്നു. ആ റിപ്പോർട്ടാണ് ഒപ്പം ചേർത്തിരിക്കുന്നത്. കുരുത്തോല കൊണ്ട് തങ്ങൾ വരച്ച വിധമാണ് സിയാലിന്റെ ലോഗോയുടെ അടിസ്ഥാനമെന്നും ഗ്രീൻ എന്ന ആശയം തങ്ങളുടേതാണെന്നുമാണ് ഈ സംഘടനയുടെ വാദം. താരതമ്യം ചെയ്യാൻ രണ്ട് ലോഗോയും റിപ്പോർട്ടിനൊപ്പം ചേർത്തിട്ടുള്ളത് ഇവിടെ കാണിക്കുകയാണ്.


CIAL copied my logo, says artist Binni

SHAM MOHAMMED | DC
KOLLAM, NOV. 19

A graphic designer, who has made his name designing logos for various cultural and political landmarks across the State, registered his protest on Monday when the logo for the Cochin International Airport Ltd (CIAL) was unveiled. He alleged that it had been copied from one that he designed on the occasion of the Golden Jubliee celebrations of a cultural organisation in 2007.

Both logos use the visualisation of tender palm leaf, signifying an upsurge, symbolic of progress. "The similarity between the two logos can be is evident at first sight itself. Even the colour scheme and pattern that I used has been copied. I have used the visualisation of tender palm leaf with a stylised design. Even the shades have been found to be similar," designer U.M. Binni told DC from Kollam.

The original logo was designed by Binni for Prakash Kalakendram in Kollam in 2007 and was also published in a book, Mughamudrakal Parayunnathu, a collection of logos by the author. Each logo published in the book has a description written by eminent personalities. The logo currently under debate carries a description in the book by P.J. Unnikrishnan, a dramatist. The description given under the logo in the book has also been copied, alleged Binni.

However, the CIAL authorities were indifferent to the allegation. "It is quite natural to raise claims about the authenticity of such designs. It is not a big issue and we are also not aware about such an allegation. Our logo was designed by 'Idiom Designs' in Bangalore and was finalised in March," said P.S. Jayan, PRO, CIAL. Meanwhile, Binni is gearing up for a legal battle to claim original ownership of his creation.



ഒറ്റനോട്ടത്തിൽ തന്നെ സിയാലിന്റെ ലോഗോയുമായി കലാസംഘടനയുടെ ലോഗോയ്ക്ക് ഒരുബന്ധവുമില്ലെന്ന് കാണാവുന്നതേയുള്ളൂ. പിന്നെ കുരുത്തോലയുടെ കാര്യം. അത്തപ്പൂക്കളം, പൂരം, ശംഖ്, കഥകളി, തെങ്ങ്, കുരുത്തോല എന്നിങ്ങനെയുള്ള കേരളീയ മുദ്രകൾ തങ്ങളുടെ കുത്തകയാണെന്നും അതിൽ മറ്റാർക്കും അവകാശമില്ലെന്ന ചിന്തകൾ എത്ര ബാലിശമാണ്. ഇപ്രകാരമുള്ള ഏഴ് പ്രചോദനങ്ങളാണ് സിയാലിന്റെ ലോഗോ രൂപകൽപ്പന ചെയ്ത ഇഡിയം എന്ന കമ്പനി മുന്നോട്ടുവച്ചത്. അതിൽ കുരുത്തോല വിമാനത്തെ തിരഞ്ഞെടുത്തത് ഞങ്ങൾ തന്നെയാണ്.റോസ, തുലീപ്, ലില്ലി തുടങ്ങിയ പൂക്കളെ അധികരിച്ച് എത്ര രാജ്യങ്ങളും കമ്പനികളുമാണ് തങ്ങളുടെ ചിഹനങ്ങൾ ഉണ്ടാക്കിയിട്ടുള്ളത്. കളിമണ്ണുകൊണ്ട് വീടുണ്ടാക്കാം. കളിപ്പാട്ടവുമുണ്ടാക്കാം. ഒരാൾ ഒരു കളിപ്പാട്ടമുണ്ടാക്കിയെന്ന് കരുതി കളിമണ്ണിന് പേറ്റന്റ് വേണമെന്ന് അവകാശപ്പെടുന്നതുപോലെയായി കാര്യങ്ങൾ. ഭൂമിയുടെ ഓരോ മുക്കിലും മൂലയിലും പ്രകൃതി കോർത്തുവയ്ക്കുന്ന ചാരുതയാർന്ന ദൃശ്യങ്ങൾ ഏതൊരു കലാകാരനും പ്രചോദനമാണ്. ആ പ്രചോദനത്തിൽ നിന്നുതന്നെയാണ് അവന്റെ സൃഷ്ടികൾ പിറക്കുന്നത്. സാമാന്യ നിലവാരമുള്ള ഒരു കലാകാരന് ഇക്കാര്യം മനസ്സിലാക്കാവുന്നതേയുള്ളൂ. എന്നിട്ടും കുരുത്തോലയിൽ കുത്തക അവകാശപ്പെടുന്നത് മാധ്യമങ്ങളിലൂടെയുള്ള അൽപകാല പ്രശസ്തിയ്ക്ക് വേണ്ടിമാത്രമാണെന്ന് ആർക്കും മനസ്സിലാക്കാവുന്നതേയുള്ളൂ. സോഷ്യൽ മീഡിയയിൽ ഇതൊക്കെ ചർച്ചയിൽ വന്നിരുന്നു. അൽപ്പകാല പ്രശസ്തിയുടെ കാര്യം മിക്കവയും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇതൊരു വിശദീകരണമല്ല. മറിച്ച്, സിയാലുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന എത്ര ചെറിയ വിമർശനവും; അതിലെ നെല്ലും പതിരും ജീവനക്കാർ അറിഞ്ഞിരിക്കേണ്ടതുണ്ടെന്ന ചിന്തയിൽ പങ്കുവയ്ക്കുന്ന ഒരു കുറിപ്പ് മാത്രം.

## സിയാൽ ഫേസ്ബുക്ക് കാൽ ലക്ഷം ലൈക്കുകളിലേയ്ക്ക്....




സിയാലിന്റെ ഫേസ് ബുക്ക് പേജ് വലിയ ഹിറ്റായി മാറുകയാണ്. അടുത്തകാലത്തുതന്നെ കാൽ ലക്ഷം ലൈക്കുകൾ (സ്ഥിരം വരിക്കാർ എന്നു പറയാം) നമ്മുടെ ഫേസ് ബുക്ക് പേജിന് ലഭിക്കുമെന്ന് കരുതാം. സിയാൽ ലോഗോയുടെ വീഡിയോ അമ്പതിനായിരത്തോളം പേർ ഫേസ് ബുക്കിലൂടെ കണ്ടുകഴിഞ്ഞു. നടി റിമ കല്ലിങ്കൽ അവരുടെ പേജിൽ സിയാൽ ലോഗോ ചേർക്കുകയും മികച്ച കമന്റ് ചേർക്കുകയും ചെയ്തു. പത്തൊമ്പതിനായിരത്തിൽപ്പരം പേരാണ് ഒന്നോ രണ്ടോ മണിക്കൂർ കൊണ്ട് റിമയുടെ പേജിലൂടെ സിയാൽ ലോഗോയ്ക്ക് അഭിവാദ്യമർപ്പിച്ചത്.

സിയാൽ സോഷ്യൽ മീഡിയ രംഗത്ത് സക്രീയമായത് ഈയടുത്ത കാലത്താണ്. ചുരുങ്ങിയ കാലം കൊണ്ട് ഏറെ ശ്രദ്ധയാകർഷിക്കാൻ നമുക്ക് കഴിഞ്ഞു. ഈ പ്രോത്സാഹനം ഉൾക്കൊണ്ടുകൊണ്ട് ടിിറ്ററിലും ബ്ലോഗിലും യു ട്യൂബിലുമൊക്കെ സജീവമാകാനുള്ള ശ്രമങ്ങൾ തുടങ്ങിയിട്ടുണ്ട്. വൈകാതെ തന്നെ നമ്മുക്ക് സ്വന്തമായി ഒരു മൊബൈൽ ആപ്ലിക്കേഷനുമുണ്ടാകും.




# ഇത് കേരളത്തിന്റെയും മുദ്ര
## – മന്ത്രി കെ.ബാബു

**ഈ ലോഗോയിൽ കേരളമുണ്ട്. കേരളത്തിന്റെ പ്രകൃതിയുണ്ട്. സിയാലിന്റെ കുതിപ്പുണ്ട്. അതുകൊണ്ടുതന്നെ കേരളത്തിന്റെകൂടി മുദ്രയാണിത്.**

കേരളത്തിന്റെ തനത് പ്രകൃതി സൗന്ദര്യത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് രൂപകൽപ്പന ചെയ്ത ഈ ലോഗോ സിയാലിന്റേത് മാത്രമല്ല, കേരളത്തിന്റെ കൂടി മുദ്രയാണെന്ന് ബഹു.മന്ത്രി കെ.ബാബു പറഞ്ഞു. സിയാലിന്റെ പുതിയ ലോഗോ അനാവരണം ചെയ്തുകൊണ്ട് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇത്രയും ലളിതമായ ഒരു മെറ്റീരിയലിൽ നിന്ന് ഇങ്ങനെയൊരു ആശയം ഉണ്ടാക്കിയെടുത്തതിന് പിന്നിൽ പ്രവർത്തിച്ചവരെ ഞാൻ അഭിനന്ദിക്കുന്നു. ഈ ലോഗോയിൽ കേരളമുണ്ട്. കേരളത്തിന്റെ പ്രകൃതിയുണ്ട്. സിയാലിന്റെ കുതിപ്പുണ്ട് അതുകൊണ്ടുതന്നെ കേരളത്തിന്റെകൂടി മുദ്രയാണിത്. സിയാൽ എന്നും ഒരു മാതൃകാ സ്ഥാപനമാണ്. ഒരു രൂപ നിക്ഷേപിച്ചയാൾക്ക് 1.32 രൂപ തിരികെ നൽകാൻ സിയാലിന് കഴിഞ്ഞിട്ടുണ്ട്. നമ്മൾ ഗവൺമെന്റിന്റെ ഭാഗത്ത് നിന്ന് ഏതൊരു പുതിയ പ്രോജക്ട് തുടങ്ങുമ്പോഴും സിയാൽ മാതൃക പിന്തുടരാനാണ് പറയുക. അതുകൊണ്ടുതന്നെ പുതിയ വൈവിധ്യവത്ക്കരണ പദ്ധതികൾ സിയാൽ ഏറ്റെടുക്കുന്നുവെന്നറിയുമ്പോൾ എനിക്ക് ഏറെ സന്തോഷമുണ്ടാകുന്നു. ഇനിയും ഏറെ വികസന മാതൃകകളുണ്ടാക്കാൻ സിയാലിന് കഴിയണം. നിങ്ങൾക്ക് അതിന് കഴിയുമെന്ന് എനിക്കുറപ്പുണ്ട്– മന്ത്രി ബാബു പറഞ്ഞു.



# പുതിയ ബ്രാൻഡിലേയ്ക്കുള്ള ചുവടുവയ്പ്പ് – എ.സി.കെ.നായർ



സിയാൽ പുതിയ ബ്രാൻഡിലേയ്ക്കുള്ള ചുവടുവയ്പ്പാണ് ലോഗോയെന്ന് എയർപോർട്ട് ഡയറക്റ്റർ ശ്രീ.എ.സി.കെ.നായർ പറഞ്ഞു. ലോഗോ അനാവരണ ചടങ്ങിൽ സ്വാഗത പ്രസംഗം നിർവഹിക്കുകയായിരുന്നു അദ്ദേഹം.

ലോകം അതിവേഗം മാറുകയാണ്. എയർപോർട്ട് നടത്തുന്ന ഒരു കമ്പനി എന്നതിലപ്പുറം സിയാലും വളരുകയാണ്. പുതിയ എയർപോർട്ടുകൾ ഏറ്റെടുക്കുക, അടിസ്ഥാന സൗകര്യവികസനത്തിന് കൺസൽട്ടിംഗ് കമ്പനിയായി പ്രവർത്തിക്കുക, ഊർജ സ്വയംപര്യാപ്തത നേടുക എന്നിങ്ങനെ ഒട്ടേറെ കാര്യങ്ങൾ സിയാൽ തുടങ്ങുകയാണ്. ഇത്തരം പ്രവർത്തനങ്ങളുമായി മുന്നേറുമ്പോൾ നമ്മുടെ കരുത്തും ലക്ഷ്യവും ലോകത്തെയറിയിക്കണം. അതിന് നമ്മുടെ ചിന്തകളും ആശയവിനിമയ രീതിയും ഒരേ നിലവാരത്തിലും ഒരേ രീതിയിലുമാകണം. അതിനുള്ള ശ്രമമാണ് ബ്രാൻഡിങ്. സിയാൽ എന്നത് വിമാനത്താവളം നടത്തുന്ന ഒരുകമ്പനി മാത്രമല്ല. മറിച്ച് മറ്റുപലകാര്യങ്ങളും ചെയ്യാൻ ശേഷിയുള്ള ഒരു പ്രസ്ഥാനമാണ്. അഥവാ ബ്രാൻഡ് ആണ്. ഇതിലേയ്ക്കുള്ള ഒരു ചുവടുവയ്പാണ് ലോഗോ രൂപകൽപ്പന –ശ്രീ.എ.സി.കെ.നായർ പറഞ്ഞു.

## ലോഗോയുടെ കുതിപ്പിന് എൻജിനീയറിങ് കരുത്ത് – എ.എം.ഷബീർ



പുതിയ ആകാശത്തിലേയ്ക്കുള്ള കുതിപ്പിനെ പ്രതിനിധാനം ചെയ്യുന്ന ലോഗോയുടെ രൂപസംവിധാനത്തിന് എൻജിനീയറങ്ങിന്റെ പ്രചോദനമുൾക്കൊണ്ടാണെന്ന് സിയാൽ എക്സിക്യൂട്ടീവ് ഡയറക്ടർ ശ്രീ. എ.എം.ഷബീർ പറഞ്ഞു. ലോഗോ അനാവരണ ചടങ്ങിൽ കൃതഞ്ജതാ പ്രസംഗം നിർവഹിക്കുകയായിരുന്നു അദ്ദേഹം.

ഒരു എൻജിനീയർ എന്ന നിലയിൽ ലോഗോയുടെ രൂപത്തെ വിലയിരുത്താനാണ് എനിക്ക് താല്പ്പര്യം. ലോഗോയുടെ ഒരറ്റം മുതൽ മറ്റേ അറ്റം വരെ നോക്കിയാൽ കൂടുതൽ ഉയരങ്ങളിലേയ്ക്ക് പോകുന്ന ഒരു നേർ രേഖകാണാം. അതിനെ ഒരു രശ്മിയായി സങ്കല്പ്പിച്ചാൽ പുതിയ ലക്ഷ്യങ്ങളിലേയ്ക്ക് അത് പ്രയാണം ചെയ്യുന്നതായി നമുക്ക് തോന്നും. ലോഗോയുടെ എൻജിനീയറിങ്ങാണത്. സിയാലിന്റെ മൂല്യങ്ങളിൽ നിന്നുള്ള ഊർജം കൊണ്ട് മുകളിലേയ്ക്ക് പറക്കുന്ന ലോഗോ ഈയൊരു എൻജിനീയറിങ് ചിന്തയും പങ്കുവയ്ക്കുന്നുണ്ട് – ശ്രീ ഷബീർ പറഞ്ഞു.

# ലോഗോ ആപ്ലിക്കേഷൻ

CIAL CIAL CIAL CIAL CIAL CIAL CIAL CIAL CIAL CIAL







## ഗ്രീൻ വെൽകം, ഗ്രീൻ ഗേറ്റ് വേ ഗ്രീനർ സ്കൈസ്



ബി.രമേഷ് കുമാർ സോണിയ മൻചന്ദാന

സിയാലിന്റെ പുതിയ ആശയ വാക്യങ്ങളാണിവ. നമ്മുടെ ആശയ വിനിമയ ഉപാധികളായ വെബ്സൈറ്റിലും സ്വീകരണ ബോർഡിങ്ങിലുമൊക്കെ ഗ്രീൻ വെൽകം എന്ന ടാഗ് ലൈൻ ആവും ഉപയോഗിക്കുക. മാനേജ്മെന്റ് മുന്നോട്ടുവയ്ക്കുന്ന ഗ്രീൻ പോർട്ട് എന്ന ആശയത്തെ ഉൾക്കൊണ്ടുകൊണ്ട് കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ടിനൊപ്പം ദ ഗ്രീൻ ഗേറ്റ് വേ എന്ന ടാഗ് ലൈൻ ഉപയോഗിക്കാം. ഈ രണ്ട് ടാഗ് ലൈനുകളും മുന്നോട്ടുവച്ചത് ഇഡിയം ഡിസൈൻസിന്റെ കോഫൗണ്ടറായ സോണിയ മൻചന്ദാനയാണ്. സിയാൽ എന്ന മാതൃക സ്ഥാപനത്തിന് കുറച്ചുകൂടി സമഗ്രമായ ആശയവാക്യമായിരുന്നു ആവശ്യം. അതിനായി സിയാലിന് അകത്തുനിന്നും പുറത്തുനിന്നും നൂറുകണക്കിന്നിർദേശങ്ങൾ ലഭിച്ചു. മാതൃഭൂമി ദിനപത്രത്തിന്റെതിരുവനന്തപുരം സ്പെഷ്യൽ കറസ്പോന്റും മുതിർന്ന പത്രപ്രവർത്തകനുമായ ശ്രീ. ബി. രമേഷ് കുമാറാണ് ഗ്രീനർ സ്കൈസ് എന്ന ടാഗ് ലൈൻ നിർദേശിച്ചത്. ആകാശം ലക്ഷ്യമാണ്. നമുക്ക് വലിയ ലക്ഷ്യങ്ങളാണ് മുന്നിൽ. പ്രകൃതിയേയും മനുഷ്യനേയും ഉൾക്കൊണ്ട് പുതിയ ആകാശങ്ങളിലേയ്ക്കുള്ള കുതിപ്പ്; towards greener skies...



Linn house

# സ്കോട്ട്ലാൻഡ് കനവുകൾ

**സ്കോട്ട്ലാൻഡ് എന്ന മനോഹരമായ സ്ഥലം സന്ദർശിക്കുന്നത് ഒരു ചരിത്ര പുസ്തകത്തിലേക്ക് നടന്നു കയറുന്നതു പോലെയാണ്**


**ജേക്കബ് എബ്രഹാം**
സീനിയർ മാനേജർ ഡ്യൂട്ടിഫ്രീ


സ്കോട്ട്ലാൻഡ് ഒരിക്കലും എന്റെ യാത്രാ ലക്ഷ്യ പട്ടികയിൽ ഉണ്ടായിരുന്നില്ല. എന്റെ സ്വപ്ന സ്ഥലങ്ങളിൽ ഒന്നല്ലാത്തത് കൊണ്ടല്ല അങ്ങിനെ സംഭവിച്ചത്. മറിച്ച് എന്റെ കൈപിടിയിൽ ഒതുങ്ങാത്ത ലക്ഷ്യം എന്നത് കൊണ്ടാണ് ഞാൻ അതിനെ പരിഗണിക്കാതെ ഇരുന്നത്. എന്തായാലും 2014 ജൂലൈ ഒടുവിലായി എനിക്ക് സ്കോട്ട്ലാൻഡ് സന്ദർശിക്കാനുള്ള ക്ഷണം ലഭിച്ചത്. ഷിവാസ് റീഗലിന്റെ ക്ഷണം വന്നത് ഞങ്ങളുടെ ഡ്യൂട്ടി ഫ്രീ പാർട്ടണർ വഴി. ‘‘വിസ്കി നിർമ്മാണത്തിന്റെ കാല്പനിക അനുഭവം’’ എന്ന് വശ്യമായ പേരിട്ടിരിക്കുന്ന പരിപാടിയിൽ പങ്കെടുക്കാനായിരുന്നു ക്ഷണം. കൂടെ വേൾഡ് ഡ്യൂട്ടി ഫ്രീ സെന്ററിന്റെ കൊച്ചി തലവൻ ശ്രീ രവിയും ഉണ്ട്.

പരിപാടിയുടെ സംഘാടകർ ഡ്യൂട്ടി ഫ്രീയിലെ പ്രമുഖ ബ്രാണ്ടായ പെർനോർദ് റിക്കാർഡ് ആണ്. പങ്കെടുക്കുന്നവർക്ക് സ്കോട്ട്ലാൻഡിലെ വിസ്കി നിർമ്മാണ രീതികളെ കുറിച്ച് അറിവുണ്ടാക്കുക എന്നതാണ് ലക്ഷ്യം. പരിപാടിയുടെ ഭാഗമായി സ്കോട്ട്ലാൻഡിലെ അപൂർവ്വവും പ്രാചീനവുമായ വാറ്റുപുരകൾ (ഡിസ്റ്റിലിറികൾ) സന്ദർശിക്കാനുള്ള അവസരം എനിക്ക് ഉണ്ടായി കൂടാതെ സ്പേസൈഡിലെ വീപ്പ നിർമ്മാണ ശാല സന്ദർശിക്കുവാനും, വീപ്പ നിർമ്മാണം അതിന്റെ അറ്റകുറ്റ പണികൾ എന്നിവയെ കുറിച്ച് അറിയുവാനും സാധിച്ചു.

സ്കോട്ട്ലാൻഡ് ക്ഷണം ലഭിച്ച ജൂലൈ തൊട്ടു യാത്രാ തീയതിയായ സെപ്റ്റംബർ 29 വരെ ഞാൻ ദിവസം എണ്ണികാത്തിരിക്കുകയായിരുന്നു. ഒരു അപൂർവ്വാനുഭവം നേടുവാൻ തയ്യാറായിക്കൊണ്ട്. ആ നീണ്ട കാത്തിരിപ്പിനു ഒടുവിൽ, സെപ്റ്റംബർ 30ന്, രവിയും ഞാനും ചെന്നൈ അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്ന് ബ്രിട്ടീഷ് എയർ വെയ്സ് വിമാനത്തിൽ സ്കോട്ട്ലാൻഡിലേക്ക് പുറപ്പെട്ടു. അപ്പോൾ സമയം രാവലെ 5.30. വിമാന യാത്രയും അവിസ്മരണീയം ആയിരുന്നു. ചെന്നൈയിലെ ലോഞ്ചിലെ കാത്തിരിപ്പു മുതൽ ലണ്ടനിലെ ഹീത്രോ വിമാനത്താവളത്തിൽ ഇറങ്ങുന്നതു വരെ, ഓരോ നിമിഷവും ഞങ്ങൾ ആസ്വദിക്കുകയായിരുന്നു. യു.കെയിലെ ഏറ്റവും തിരക്കുള്ള വിമാനത്താവളമാണ് ഹീത്രോ. സഞ്ചാരികളുടെ എണ്ണത്തിൽ യുറോപ്പിലെ തന്നെ ഒന്നാം സ്ഥാനവും ഹീത്രോയ്ക്ക് തന്നെയാണ്. ലോകത്തിലെ മൂന്നാമത്തെ തിരക്കേറിയ വിമാനത്താവളമാണിത്. ലോകത്തിലെ മറ്റേതു വിമാനത്താവളത്തെക്കാളും അധികം യാത്രക്കാർ ഇവിടെ വന്നുപോകുന്നുണ്ട്. ഹീത്രോവിൽ നിന്ന് ബ്രട്ടീഷ് എയർവേയ്സിന്റെ തന്നെ മറ്റൊരു വിമാനത്തിൽ കയറി ഞങ്ങൾ സ്കോട്ട്ലാൻഡിലെ അബർദീൻ അന്തർദേശിയ വിമാനത്താവളത്തിൽ എത്തി. അപ്പോൾ സമയം ഉച്ച കഴിഞ്ഞ് ഏകദേശം 3.30 മണി. പെർനോദ് റികാർഡിന്റെ ആളുകൾ ഞങ്ങളെ സ്വീകരിക്കാൻ എത്തിയിരുന്നു. കെയ്ത്ത് ടൗണിലെ ലിൻ ഹൗസ് എന്ന് പേരായ അതിഥി മന്ദിരത്തിലേക്കാണ് അവർ ഞങ്ങളെ കൊണ്ടുപോയത്.

മുറെ പ്രദേശത്തെ കെയ്ത്ത് എന്ന പട്ടണം തികച്ചും ഒരു സൗഹാർദ്ദ നഗരമാണ്. സ്പേസൈഡ് മാൾട്ട് വിസ്കി പഥത്തിലാണ് അത് സ്ഥിതി ചെയ്യുന്നത്. ഇസ്ലാ താഴ്വരയോട് പറ്റിക്കിടക്കുന്ന കെയ്ത്ത് ചരിത്രം ഉറങ്ങുന്ന നഗരം കൂടിയാണ്.

ഇവിടെ സ്ഥിതി ചെയ്യുന്ന സ്ട്രതിസ്ല ഡിസ്റ്റിലറിയാണ് നഗരത്തിനു സ്പേസൈഡ് എന്നറിയപ്പെടുന്ന മാൾട്ട് വിസ്കി പഥത്തിൽ ഇടം നേടി കൊടുത്തത്. 1786 മുതൽ പ്രവർത്തിച്ചു വരുന്ന ഈ ഡിസ്റ്റിലറി സ്കോട്ട്ലാൻഡിലെ ഏറ്റവും പഴക്കം ചെന്ന ഡിസ്റ്റിലരിയാണ്. നഗരത്തിൽ ആകെ നാല് ഡിസ്റ്റിലറികൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ പരമ്പരാഗത വസ്തുക്കൾ വിൽക്കുന്ന അനേകം കടകളും നല്ല ഭക്ഷണശാലകളും താമസ സ്ഥലങ്ങളും ഉണ്ട്. താമസത്തിന് ഹോട്ടലുകൾക്ക് പുറമേ അതിഥി മന്ദിരങ്ങളും ബെഡ് & ബ്രേക് ഫസ്റ്റ് രീതിയിൽ പ്രവർത്തിക്കുന്ന സെൽഫ് കേറ്ററിംഗ് കൊട്ടേജുകളും ഉണ്ട്. സ്കോട്ട്ലാൻഡിലെ പരമ്പരാഗത വസ്ത്രമായ കിൽറ്റ് (പുരുഷൻമാർ ധരിക്കുന്ന മുഴം കാൽ നീളത്തിൽ ഉള്ള വസ്ത്രം) നെയ്ത്ത് പഠിപ്പിക്കുന്ന രാജ്യത്തെ ഏക വിദ്യാലയം ഇവിടെയാണ് സ്ഥിതി ചെയ്യുന്നത്. കെയ്ത്ത് കിൽറ്റ് ആൻഡ്ടെക്സ്റ്റൈൽ സെന്റർ എന്ന സ്ഥാപനത്തിൽ ക്രിയേറ്റീവ് എംബ്രോയ്ഡറിയും പഠിപ്പിക്കുന്നുണ്ട്.

സ്കോട്ട്ലാൻഡ് എന്ന മനോഹരമായ സ്ഥലം സന്ദർശിക്കുന്നത് ഒരു ചരിത്ര പുസ്തകത്തിലേക്ക് നടന്നു കയറുന്നതു പോലെയാണ് എന്ന് സുഹൃത്തുക്കൾ പറയാറുണ്ട്. സ്കോട്ട്ലാൻഡുകാർ അവരുടെ ചരിത്രവും പാരമ്പര്യവും ഏറെ വിലമതിക്കുന്ന കൂട്ടത്തിലാണ്. ഔഗ്യോഗിക പരിപാടികളുടെ തിരക്കു കാരണം സ്കോട്ട്ലാൻഡ് മുഴുവാൻ കാണാൻ സാധിച്ചില്ല. എങ്കിലും വന്ന ദിവസം മുതൽ അവിടെ നിന്ന് വിടപറയുന്ന നിമിഷം വരെ സ്കോട്ട്ലാൻഡിന്റെ സംസ്കാരവും പാരമ്പര്യവും അടുത്തറിയാൻ സാധിച്ചു. ഞങ്ങൾക്ക് താമസം ഒരുക്കിയിരുന്ന ലിൻഹൗസ് തന്നെ ഒരു പഴയ ഹർമ്യം(അരമന) ആയിരുന്നു. ചുറ്റും നല്ല പച്ചപ്പും അരുവിയും വെള്ളചാട്ടവും ഉള്ള മനോഹരമായ സ്ഥലം.

**ലിൻ ഹൗസ്:**

പ്രകൃതിയും ഭൂമിശാത്രവും നമ്മെ വിസ്മയിപ്പിക്കുന്ന നാടാണ് സ്കോട്ട്ലാൻഡ്. അവിടെ വന്യമായി വളരുന്ന പുല്ലിലും ഒരു ക്രമം ഉണ്ടെന്നു എനിക്കു തോന്നി. ആ ക്രമം തെറ്റിക്കാതെ തന്നെയായിരുന്നു പശുക്കളും ചെമ്മരിയാടുകളും മേഞ്ഞു നടന്നിരുന്നത്. കൊയ്ത്തു കഴിഞ്ഞ ബാർലി പാടത്തിനു പോലും ഭൂപ്രകൃതിയോടു ചേർന്നു നിൽക്കുന്ന ഒരു അടുക്കും ചിട്ടയും തോന്നിച്ചു.

സ്കോട്ട്ലാൻഡിലെ ഭക്ഷണം എനിക്കിഷ്ടമായി. അവിടുത്തെ തനതു ഭക്ഷണമായ ഹഗ്ഗിസ് കഴിക്കാൻ ബുദ്ധിമുട്ടാണെന്ന് ചില സുഹൃത്തുക്കൾ പറഞ്ഞിരുന്നു. ഭക്ഷണപ്രിയൻ എന്ന വിശേഷണം ഉള്ളതു കൊണ്ട് എനിക്ക് അത് രുചിച്ചു നോക്കാതിരിക്കാൻ പറ്റിയില്ല. യഥാർത്ഥത്തിൽ അത് നല്ല അനുഭവമായിരുന്നു. മധുര മുള്ളങ്കിയും ഉരുളക്കിഴങ്ങും ചേർത്ത് വിളമ്പുന്ന ഈ പരമ്പരാഗത ഭക്ഷണം ലിൻ ഹൗസിലെ താമസത്തിന്റെ അവസാന രാത്രിയാണ് ഞങ്ങൾക്ക് തന്നത്. അവസാന ദിവസം ഞങ്ങൾക്ക് കിൽറ്റ് ധരിക്കുവാൻ തന്നു. സ്കോട്ടിഷ് വേഷം ധരിച്ച് ഒരു സ്കോട്ടിഷ് ബാൻഡ് പൊഴിക്കുന്ന സംഗീതം കേട്ടുകൊണ്ടിരുന്നത് ഞങ്ങളെ സംബന്ധിച്ചു വിവരണങ്ങൾക്ക് അതീതമായ അനുഭൂതി ആയിരുന്നു.

സംഗീത വിരുന്നു കഴിഞ്ഞു. ആതിഥേയൻ കെൻ ഞങ്ങളോടൊപ്പം അത്താഴത്തിനു ഇരുന്നു. അദ്ദേഹം ഷിവാസ് റീഗളിന്റെ സ്കോട്ട്ലാൻഡ് പ്രതിനിധിയായിരുന്നു. പെട്ടെന്ന് സംഗീതം പൊഴിയാൻ തുടങ്ങി. ബാഗ് പൈപ്പർ കടന്നുവന്നു. അയാളുടെ പുറകേ ഒരു സംഘം സ്കോട്ട്ലാൻഡിലെ വിശിഷ്ട വിഭവമായ ഹഗ്ഗിസ് ഒരു തളികയിൽ കൊണ്ട് വന്നു തീൻമേശ വലംവെച്ച് കെന്നിന്റെ മുന്നിൽ വെച്ചു. ഒരു വലിയ മുട്ടയുടെ ആകൃതിയുള്ള ഹഗ്ഗിസിലേക്ക് നോക്കി കെൻ ഒരു നാടൻ പാട്ട് പാടി. പാടുന്നതിനു മുമ്പ് അദ്ദേഹം ഹഗ്ഗിസിനു പിന്നിലെ ചരിത്രം പറയാൻ തുടങ്ങി. സ്കോട്ടിഷ് മാംസ വെട്ടു രീതികളെ അടിസ്ഥാനമാക്കി ഹഗ്ഗിസിനു പിന്നിൽ പ്രചരിച്ചിരുന്ന കഥകൾ പറഞ്ഞു. ഗോത്ര മുഖ്യൻ ഭക്ഷണത്തിനായി ഒരു മൃഗത്തിനെ കൊല്ലുമ്പോൾ ജോലിക്കാർക്ക് അതിന്റെ ആന്തരീക അവയവങ്ങൾ കൈവശം വയ്ക്കുവാൻ അനുവാദം ഉണ്ടായിരുന്നു. ഓഫൽ എന്നാണ് ആന്തരീക അവയവങ്ങൾക്കുള്ള പേര്. ചുരുക്കി പറഞ്ഞാൽ മൃഗങ്ങളുടെ ആന്തരീക അവയവങ്ങൾ കൊണ്ട് ഉണ്ടാക്കിയ ഒരു നാടൻ ഭക്ഷണമാണ് ഹഗ്ഗിസ്. കഥ പറഞ്ഞു കഴിഞ്ഞ് ഞങ്ങൾക്ക് വേണ്ടി ഒരു ചെറിയ തളികയിൽ അദ്ദേഹം ഹഗ്ഗിസ് വിളമ്പി. അവരുടെ സംസ്ക്കാരത്തിനോടുള്ള ബഹുമാന സൂചകമായി വിളമ്പിയ ഹഗ്ഗിസ് മുഴുവനും കഴിക്കുവാൻ അദ്ദേഹം ഞങ്ങളോട് അപേക്ഷിച്ചു. അത് കഴിഞ്ഞ് ഒരു ചെറിയ ഇടവേളയ്ക്കു ശേഷം അദ്ദേഹം തളിക ഞങ്ങളുടെ തലയ്ക്ക് മേൽ കമഴ്ത്തി പിടിക്കാൻ പറഞ്ഞു. വിളമ്പിയത് മുഴുവനായി കഴിച്ചു എന്നതിന്റെ അടയാളമായിരുന്നു അത്. അങ്ങിനെ ചെയ്തുകഴിഞ്ഞപ്പോൾ ബാഗ് പൈപ്പർ വീണ്ടും സംഗീതം തുടങ്ങുകയും തുടർന്ന് അവർ എല്ലാവരും മുറി വിട്ടു പുറത്തു പോവുകയും ചെയ്തു. ഇത് ഒരു അപൂർവ അനുഭവം ആയിരുന്നു.

മടക്കത്തിൽ എനിക്ക് രണ്ടു ദിവസം ലണ്ടനിൽ താമസിക്കേണ്ടിവന്നു. യാത്ര പട്ടികയിൽ നിർബന്ധമായി ഉൾപ്പെടുത്തേണ്ട ഒരു സ്ഥമാണ് ലണ്ടൻ. ലോകത്തിലെ ഏറ്റവും മികച്ചതും വിദേശി സൗഹൃദവുമായ പൊതു ഗതാഗത സംവിധാനം ലണ്ടനിലാണ് എന്നത് സത്യമാണ്. പെട്ടെന്ന് തന്നെ എനിക്ക് അവിടുത്തെ സംവിധാനവുമായി ഇണങ്ങാനായി. ഔദ്യോഗിക കാര്യങ്ങൾ കൂടി ഉള്ളത് കൊണ്ട് മറ്റുള്ള സഞ്ചാരികളെ പോലെ എനിക്ക് ലണ്ടൻ നഗരം



ആസ്വദിക്കാനായില്ല എന്ന് സമ്മതിക്കുന്നു. പക്ഷെ കിട്ടിയ സമയം കൊണ്ട് ബക്കിംഗ്ഹാം കൊട്ടാരം, സെയ്ന്റ് പോൾ പള്ളി, ലണ്ടൻ ബ്രിഡ്ജ്, ബിഗ് ബെൻ തുടങ്ങിയവ കാണാൻ എനിക്ക് സാധിച്ചു. ഹീത്രോയിലെ അഞ്ചാം ടെർമിനലിൽ നിന്ന് ലണ്ടൻ നഗരത്തിലേക്കുള്ള യാത്രയും അവിസ്മരണീയം ആയിരുന്നു. അഞ്ചാം ടെർമിനലിൽ നിന്ന് ടിക്കറ്റ് വെണ്ടിംഗ് യന്ത്രം വഴി ഞങ്ങൾ ലണ്ടൻ പാടിംഗ്ട്ടൻ വരെ ഉള്ള ടിക്കറ്റ് എടുത്തു. ഹീത്രോ എക്സ്പ്രസ്സിൽ സൗജന്യ വൈ ഫൈ ഉണ്ടായിരുന്നതു കൊണ്ട് എനിക്ക് വീട്ടിലുള്ളവരുമായി ബന്ധപ്പെടാ നും ഔദ്യോഗിക മെയിലുകൾ നോക്കി അയക്കുവാനും സാധിച്ചു.

**ബക്കിംഗ്ഹാംകൊട്ടാരത്തിന് അരികിൽ**

ഒക്ടോബർ 6നു ചെന്നയിലേക്കുള്ള ബ്രിട്ടീഷ് എയർവേയ്സ് വിമാനത്തിൽ കയറി ഞങ്ങൾ ലണ്ടൻ വിട്ടു.ഹീത്രോയിലെ അഞ്ചാം ടെർമിനലിൽ വച്ച് ബ്രിട്ടീഷ് എയർവേയ്സിന്റെ ബിസിനസ് ലോഞ്ചിന്റെ സൗകര്യങ്ങൾ അനുഭവിക്കാനും ഞങ്ങൾക്ക് ഭാഗ്യമുണ്ടായി. ഒക്ടോബർ 7നു സ്പൈസ് ജെറ്റ് വിമാനം വഴി കൊച്ചിയിൽ ഇറങ്ങിയതോടു കൂടി ഞങ്ങളുടെ സ്കോട്ട്ലാൻഡ് യാത്രയ്ക്ക് വിരാമമായി.

എന്റെ സ്കോട്ട്ലാൻഡ് യാത്രാ വിവരണം പൂർത്തിയായെങ്കിലും ഡിസ്റ്റലറി സന്ദർശനത്തെപ്പറ്റി വിശദമായി പറയുകയുണ്ടായില്ല. നേരത്തെ പറഞ്ഞ പോലെ 3 ഡിസ്റ്റലറികൾ ഞാൻ സന്ദർശിച്ചിരുന്നു. പക്ഷെ വാറ്റുന്ന രീതി എല്ലാ സ്ഥലത്തും ഒരുപോലെ തന്നെ ആയിരിന്നു. (ചെമ്പ് വാറ്റു പാത്രങ്ങളുടെ സ്റ്റിൽ ഹൗസ് ഡിസൈൻ മാത്രമാവും ഇതിനു ഒരു അപവാദം). സ്കോട്ട് ലാൻഡിലെ വാറ്റു രീതികളെ കുറിച്ചുള്ള എന്റെ നിരീക്ഷണ പാഠങ്ങളാണ് ചുവടെ ചേർത്തിട്ടുള്ളത്. ഡിസ്റ്റലറിയിൽ ഫോട്ടോ എടുക്കാൻ അനുവാദം ഉണ്ടായിരുന്നില്ല. അത് കൊണ്ട് പൊതുവായി ലഭ്യമായ കുറച്ചു ചിത്രങ്ങൾ ഞാൻ ഇവിടെ ഉപയോഗിക്കുന്നുണ്ട്. അനുഭവങ്ങളാണ് വിവരിക്കുന്നത്. പെർനൊദ് റിക്കാർഡിന്റെ ഉടമസ്ഥതയിൽ ഉള്ള ഷിവാസ് ബ്രദർസ് ആണ് ഷിവാസ് റീഗൽ എന്ന ബ്ലെണ്ട് വിസ്കി നിർമിക്കുന്നത്. ഈ ബ്രാന്റിന്റെ വേരുകൾ 1806 വരെ പുറകിലേക്ക് പടർന്നു കിടക്കുന്നുണ്ട്. സ്കോട്ട്ലാൻഡിലെ സ്കോച് വിസ്കിക്ക് പേരുകേട്ട സ്പേസൈഡ് പ്രദേശത്തെ മോറേയിലുള്ള കൈത്തിലാണ് ഷിവാസ് റിഗലിന്റെ വീടെന്നു വിശേഷിപ്പിക്കാവുന്ന സ്ട്രതിസ്ല ഡിസ്റ്റിലറി സ്ഥിതി ചെയ്യുന്നത്. ഇത് 1786 ലാണ് സ്ഥാപിച്ചത്. സ്കോട്ടിഷ് ഹൈ ലാൻഡിൽ (മലമ്പ്രദേശം) പ്രവർത്തിക്കുന്ന ഏറ്റവും പഴക്കം ചെന്ന ഡിസ്റ്റിലറി ഇത് തന്നെയാണ്. സ്ട്രതിസ്ല സിംഗിൾ മാൾട്ട് എന്നത് ഷിവാസ് റിഗൽ ബ്രാൻഡിൽ ഇറങ്ങുന്ന മിശ്രിണങ്ങളിൽ ഒന്നാണ്. പ്രകൃതിദത്തമായ ഇതിന്റെ മധുരം ഷിവാസ് റിഗളിന്റെ രുചിയുടെ അടിസ്ഥാനമാണ്.





Near Buckingham Palace

എല്ലാ സ്കോച് വിസ്കിയും നനച്ചുണക്കിയ ബാർലിയിൽ നിന്നാണ് ഉണ്ടാക്കുന്നത്. ഓക് മരം കൊണ്ട് ഉണ്ടാക്കിയ വീപ്പയിൽ ഒരു മൂന്ന് വർഷമെങ്കിലും അടച്ചിടണം. വിസ്കി കുപ്പിയുടെ പുറത്തു അതിന്റെ പ്രായം കുറിക്കുന്ന ഒരു അക്കം ഉണ്ടായിരിക്കും. ആ ബ്രാൻഡ് നിർമിക്കാൻ ഉപയോഗിക്കുന്ന ഏറ്റവും ഇളപ്പമുള്ള വിസ്കിയുടെ പ്രായമാണ് ആ അക്കം സൂചിപ്പിക്കുക. അത്തരത്തിൽ പഴക്കം രേഖപ്പെടുത്തിയ വിസ്കിക്ക് ''ഗ്യാരണ്ടീഡ് ഏജ് വിസ്കി'' എന്നാണ് പറയുക.

**സ്കോട്ട്ലാൻഡിലെ വാറ്റു രീതികളെ കുറിച്ചുള്ള എന്റെ നിരീക്ഷണ പാഠങ്ങളാണ് ചുവടെ ചേർത്തിട്ടുള്ളത്.**

വിസ്കി നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളുടെ ഹ്രസ്വ വിവരണം താഴെ കാണാം:-

**മാൾട്ടിംഗ്:** മുന്തിയ ഇനം ബാർളി വെള്ളത്തിൽ കുതിർത്ത് മുളപ്പിക്കുന്നു. മുളയ്ക്കുന്ന കതിര് മെല്ലെ മാൾട്ടായി മാറുമ്പോൾ മിശ്രണ വീപ്പയിൽ വെച്ച് അതിലെ അന്നജം മധുരമായി (ശർക്കരയായി) മാറുന്നു. ചൂളയിൽ വച്ച് ഉണക്കുമ്പോൾ അത് മുളക്കുന്നത് ഇല്ലാതാവുന്നു. ഓരോ ഡിസ്റ്റിലറിയും ഈ ഘട്ടത്തിൽ അവർക്ക് ആവശ്യമായ അളവിൽ പീറ്റിങ്ങ് (ചൂളയിൽ വെച്ചുള്ള ഉണക്കൽ) നടത്തുന്നു.

**മാഷിംഗ്:** മാൾട്ട് ചെയ്തെടുത്ത ധാന്യം ചൂട് വെള്ളം ചേർത്ത് മിശ്രിണ വീപ്പയിൽ എത്തുന്നു. അതിലെ ശർക്കരയുടെ അംശം ദ്രവരൂപത്തിൽ ഒലിച്ചു പോകുന്നു. (വോർട്ട് എന്നാണ് ഇതിനു പറയുക)

**ഫെർമെന്റേഷൻ (പുളിപ്പിക്കൽ)**

വോർട്ട് തണുപ്പിക്കുന്നു. വാഷ് ബാക്ക് എന്നറിയപ്പെടുന്ന പാത്രത്തിലേക്ക് ഇതിനെ പമ്പ് ചെയ്തു നിറച്ച് പുളിപ്പിക്കാൻ ആവശ്യമായ യീസ്റ്റ് ചേർക്കുന്നു. പുളിപ്പിക്കൽ പ്രക്രിയ ഇവിടെ തുടങ്ങുകയായി. ശർക്കരയെ യീസ്റ്റ് വാറ്റാക്കി മാറ്റുന്നു. 3-4 ദിവസങ്ങൾക്കുള്ളിൽ പുളിപ്പിക്കൽ പൂർത്തിയാവുന്നു. വാഷ് എന്ന് അറിയപ്പെടുന്ന ദ്രാവകം ബാക്കിയാവുന്നു. ഇതിനു 8-9 വീര്യം ഉണ്ടാവും.

**ഡിസ്റ്റിലേഷൻ** : സ്റ്റിൽ ഹൗസ് (കാച്ചിയെടുക്കൽ) വാഷ് രണ്ടു തവണ കാച്ചിയെടുക്കുന്നു. ആദ്യ കാച്ചലിൽ കുറഞ്ഞ വീര്യമുള്ള വാറ്റു ഉണ്ടാവുന്നു. ലോ വൈൻ എന്നാണ് ഇതിനു പറയുക. വാറ്റു യന്ത്രത്തിൽ (സ്റ്റിൽ) അത് വീണ്ടും കാച്ചി എടുക്കുന്നു. രണ്ടാമത്തെ കാച്ചു കഴിയുമ്പോൾ യന്ത്രത്തിന്റെ മധ്യത്തിൽ ശുദ്ധീകരിച്ച വാറ്റു മാത്രം ബാക്കിയാവുന്നു. ഇതിൽ 65% വീര്യമുണ്ടാവും. കാച്ചുന്ന പാത്രത്തിന്റെ രൂപമാണ് ഓരോ മാൾട്ട് വിസ്കിയുടെയും സ്വഭാവം നിർണയിക്കുന്നത്.

സ്പിരിറ്റ് സേഫ് (ചില്ല് മുഖമുള്ള പെട്ടി. ഇതിലൂടെയാണ് കാച്ചിയ വാറ്റു ഒഴുകിവരുന്നത്)

വാറ്റു കഴിഞ്ഞ് മുഴുവൻ ദ്രാവകവും സ്പിരിറ്റ് സേഫ് വഴി കടത്തിവിടുന്നു. വാറ്റിന്റെ ഗുണവും ശക്തിയും ഇവിടെ വെച്ചാണ് പരിശോധിക്കുന്നത്.

**മെച്ചുറേഷൻ (പാകപ്പെടുത്തൽ)**

കാച്ചിയ, നിറമില്ലാത്ത, വാറ്റ് ഓക് വീപ്പകളിൽ നിറച്ചു വെക്കുന്നു. അതിലിരുന്നു പഴകുന്തോറും മാധുര്യമുള്ളതും ആയി മാറുന്നു. വീപ്പയിൽ നിന്നാണ് അതിന് സ്വർണ്ണ നിറം ലഭിക്കുന്നത്. വിസ്കി 3 കൊല്ലമെങ്കിലും ഇരുന്നു പാകപ്പെടുത്തണം എന്നാണ് നിയമം എങ്കിലും മിക്ക സിംഗിൾ മാൾട്ട് വിസ്കികളും 8 കൊല്ലമെങ്കിലും ഇരുന്നു പാകപ്പെടുത്തിയതാണ്.



# കൊച്ചിൻ ഡ്യൂട്ടി ഫ്രീ വൻകുതിപ്പിൽ

2013-14 സാമ്പത്തിക വർഷത്തിൽ 138.41 കോടി രൂപയാണ് കൊച്ചിൻ ഡ്യൂട്ടിഫ്രീയുടെ വിറ്റുവരവ്. 2010-11-ൽ ഇത് 73.37 കോടി രൂപയായിരുന്നു. ഈ സാമ്പത്തിക വർഷത്തിൽ 155.55 കോടി രൂപയുടെ വിറ്റുവരവ് പ്രതീക്ഷിക്കുന്നു. 2021-22-ൽ 422 കോടിയിലേറെ രൂപയുടെ ബിസിനസ്സാണ് കൊച്ചിൻ ഡ്യൂട്ടി ഫ്രീ ലക്ഷ്യമിടുന്നത്. ഇക്കഴിഞ്ഞ ഓഗസ്റ്റ് 14ന് കൊച്ചിൻ ഡ്യൂട്ടി ഫ്രീയിൽ റെക്കോർഡ് ബിസിനസ്സാണ് നടന്നത്. ഒരുദിവസം കൊണ്ട് 1.2 ലക്ഷം ഡോളർ.

**കസ്റ്റമർ റിലേഷൻഷിപ്പ്**

മാനേജ്മെന്റ് ഉപഭോക്താക്കളുടെ മനസ്സറിഞ്ഞ് സേവനം നൽകാൻ കസ്റ്റമർ റിലേഷൻഷിപ്പ് മാനേജ്മെന്റ് പദ്ധതിയ്ക്ക് കൊച്ചിൻ ഡ്യൂട്ടി ഫ്രീ തുടക്കമിട്ടിട്ടുണ്ട്. സെപ്റ്റംബർ ഒന്നിന് ആരംഭിച്ച ഈ പദ്ധതിയിൽ, പ്രത്യേക പരിശീലനം ലഭിച്ച എക്സിക്യൂട്ടീവുകൾ യാത്രക്കാരുടെ അടുത്തുപോയി വിവരങ്ങൾ ആരായുകയും അവരുടെ ആവശ്യമനുസരിച്ചുള്ള സേവനങ്ങളും ഉൽപ്പന്നങ്ങളും ലഭ്യമാക്കുകയും ചെയ്യും. ഓരോ യാത്രക്കാരുടേയും ഇ-മെയിലിലേയ്ക്ക് സന്ദേശങ്ങൾ അയക്കാനും സോഷ്യൽ മീഡിയയിലൂടെ വിശദവിവരങ്ങൾ ലഭ്യമാക്കാനും സി.ഡി.എഫ് ലക്ഷ്യമിടുന്നുണ്ട്.




**അത്യാധുനിക വെയർഹൗസ്**

42000 ചതുരശ്രയടി വിസ്തീർണത്തിൽ അത്യാധുനിക സൗകര്യങ്ങളോടെയുള്ള കൊച്ചിൻ ഡ്യൂട്ടി ഫ്രീ ഗോഡൗൺ പ്രവർത്തന സജ്ജമായിക്കഴിഞ്ഞിട്ടുണ്ട്. കൂടുതൽ സാധനങ്ങൾ ഇറക്കുമതി ചെയ്ത് സംഭരിക്കാൻ ഇതിലൂടെ കഴിയും. ഓട്ടോമാറ്റിക് ശീതികരണ സംവിധാനമുള്ളതിനാൽ ചോക്ലേറ്റ് ഉൾപ്പെടെ, അലിഞ്ഞുപോകുന്ന സാധനങ്ങൾ നിർമാതാക്കൾ ലക്ഷ്യമിടുന്ന ഗുണനിലവാരത്തിൽത്തന്നെ സൂക്ഷിച്ച് ഉപഭോക്താക്കൾക്ക് നൽകാനും കഴിയുന്നുണ്ട്. പതിനാല് കോടി രൂപ ചെലവിലാണ് സിയാൽ, ഈ വെയർഹൗസ് പണികഴിപ്പിച്ചിട്ടുള്ളത്.

**പുതിയ ടെർമിനൽ**

അന്താരാഷ്ട്ര നിലവാരത്തിലുള്ള ഷോപ്പിങ് അനുഭവം ഉപഭോക്താക്കൾക്ക് നൽകത്തക്കവിധമാണ്പുതിയ ടെർമിനലിൽ ഡ്യൂട്ടി ഫ്രീ സജ്ജീകരിക്കുകയെന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ എ.എം.ഷബീർ പറഞ്ഞു. 15 ലക്ഷം ചതുരശ്രയടി വിസ്തീർണത്തിൽ പണികഴിപ്പിക്കുൽ ടെർമിനലിന്റെ നിർമാണപ്രവർത്തനങ്ങൾ അതിവേഗം പുരോഗമിക്കുകയാണ്. ''രൂപകൽപ്പനയിലും സാങ്കേതിക വിദ്യയിലും ഏറ്റവും ഉയർൽ നിലവാരം പുലർത്താൻ സിയാൽ പ്രതിജ്ഞാബദ്ധമാണ്'' ഷബീർ പറഞ്ഞു. പുതിയ ടെർമിനലിൽ 35000 ചതുരശ്രയടി വിസ്തീർണമുള്ള ഡ്യൂട്ടി ഫ്രീ ഷോപ്പാണ് സജ്ജമാക്കുന്നത്.

# കൊച്ചിൻ ഡ്യൂട്ടിഫ്രീയിൽ റോയൽറ്റി പ്രോഗ്രാം

ഓരോ യാത്രക്കാരുടേയും ആവശ്യം നേരിട്ടറിഞ്ഞ് ഡ്യൂട്ടി ഫ്രീ സേവനങ്ങൾ ലഭ്യമാക്കാനുള്ള റോയൽറ്റി പ്രോഗ്രാമിന് കൊച്ചിൻ വിമാനത്താവള കമ്പനി (സിയാൽ) തുടക്കമിട്ടു. ഇതിന്റെ ഭാഗമായി എർട്ടിഗ കാർ ഉൾപ്പെടെയുള്ള സമ്മാനങ്ങൾ ലഭിക്കാനുള്ള അവസരവും യാത്രക്കാർ ലഭ്യമാകുകയാണ്.

രാജ്യാന്തര യാത്രക്കാരുടെ അടുത്തേയ്ക്ക് എക്സിക്യൂട്ടീവുകൾ എത്തി വിശദാംശങ്ങൾ ചോദിച്ചറിയുകയും റോയൽറ്റി പ്രോഗ്രാമിൽ അംഗമാക്കുകയും ചെയ്യുന്നു. തുടർന്ന് അവരുടെ ഇ-മെയിൽ വിലാസത്തിലേയ്ക്ക് ഡ്യൂട്ടി ഫ്രീ സേവനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ അയച്ചുനൽകുന്നു. റോയൽറ്റി പ്രോഗ്രാമിൽ ചേരുന്നവർക്ക് ഉടൻതന്നെ ഡിസ്കൗണ്ട് കൂപ്പണുകൾ നൽകുന്നു. ഈ കൂപ്പണുകൾ ഉപയോഗിച്ച് ഡിപ്പാർച്ചർ, അറൈവൽ ഡ്യൂട്ടി ഫ്രീ ഷോപ്പുകളിലെ ഉത്പ്പന്നങ്ങൾ വാങ്ങുമ്പോൾ അമ്പതുശതമാനം വരെ ഡിസ്കൗണ്ട് നൽകുന്നുണ്ട്. റോയൽറ്റി പ്രോഗ്രാമിൽ ചേരുന്നവർക്കായി നറുക്കെടുപ്പ് നടത്തും. വിജയിക്ക് മാരുതി എർട്ടിഗ കാർ സമ്മാനമായി നൽകും. ഫെഡറൽ ബാങ്കിന്റെ സഹകരണത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഡിജിറ്റൽ മീഡിയ രംഗത്ത് പ്രവർത്തിക്കുന്ന ബി-വേൾഡ് ഈ പദ്ധതിയ്ക്കാവശ്യായ സാങ്കേതിക സഹകരണം നൽകുന്നു. പദ്ധതിയുടെ ഉദ്ഘാടനം എയർപോർട്ട് ഡയറക്ടർ എ.സി.കെ.നായർ നിർവഹിച്ചു. മെമ്പർഷിപ്പ് വിതരണത്തിന്റെ ഉദ്ഘാടനം എയർപോർട്ട് എക്സിക്യൂട്ടീവ് ഡയറക്ടർ എ.എം.ഷബീർ നിർവഹിച്ചു. ഡ്യൂട്ടി ഫ്രീ സീനിയർ മാനേജർ ജേക്കബ് എബ്രഹാം, ഫെഡറൽ ബാങ്ക് ചീഫ് മാനേജർ ബിനു തോമസ്, ബി വേൾഡ് സി.ഇ.ഒ ബിനി ജോസഫ് തുടങ്ങിയവർ പങ്കെടുത്തു.




*കൊച്ചിൻ ഡ്യൂട്ടി ഫ്രീ റോയൽറ്റി പ്രോഗ്രാമിലെ അംഗത്വവിതരണം ഉദ്ഘാടനം എയർപോർട്ട് എക്സിക്യൂട്ടീവ് ഡയറക്ടർ എ.എം.ഷബീർ നിർവഹിക്കുന്നു. എയർപോർട്ട് ഡയറക്ടർ എ.സി.കെ.നായർ സമീപം.*

**സിയാലുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന പ്രമുഖ സ്ഥാപനങ്ങളിലെ ശ്രദ്ധേയ വ്യക്തിത്വങ്ങളെ പരിചയപ്പെടുത്തുന്ന പംക്തിയാണിത്. സി.ഐ.എസ്.എഫ് സീനിയർ കമാൻഡന്റ് ഡോ.ശിശിർകുമാർ ഗുപ്തയാണ് ഈ ലക്കത്തിലെ വ്യക്തി. അദ്ദേഹത്തിന്റെ വിശേഷങ്ങളിലൂടെ......**

# ഡോക്ടർ കമാൻഡന്റ്

**അറിവേറുംതോറും ഒരാൾ എങ്ങനെ വിനയാന്വിതനാകുമെന്നതിന് ഉദാഹരണം വേറെ വേണ്ട. സി.ഐ.എസ്.എഫിന്റെ സീനിയർ കമാൻഡന്റായ ഡോ.ശിശിർകുമാർ ഗുപ്ത ഇ.എൻ.ടി സ്പെഷ്യലിസ്റ്റാണ്. സദാ സൗമ്യനും മിതഭാഷിയുമായ ഈ കമാൻഡന്റ് കഴിഞ്ഞ രണ്ടുവർഷത്തോളമായി ഡോ. ഗുപ്ത സി.ഐ.എസ്.എഫിൽ വരുത്തിയ പരിഷ്ക്കാരങ്ങളും സുരക്ഷാ ക്രമീകരണങ്ങളും ശ്രദ്ധേയമാണ്**

അച്ചടക്കത്തിന്റേയും ചിട്ടകളുടേയും കാർക്കശ്യമുള്ള ഒരു മേഖലയുടെ കാര്യക്ഷമത വർദ്ധിപ്പിക്കാൻ വിനയം എന്ന ശീലം എത്രമാത്രം ഉപകാരപ്പെടുമെന്ന് കാണിച്ചയാളാണ് ഡോ.ശിശിർ കുമാർ ഗുപ്ത. അറിവേറുംതോറും ഒരാൾ എങ്ങനെ വിനയാന്വിതനാകുമെന്നതിന് ഉദാഹരണം വേറെ വേണ്ട.




സി.ഐ.എസ്.എഫിന്റെ സീനിയർ കമാൻഡന്റായ ഡോ.ശിശിർകുമാർ ഗുപ്ത ഇ.എൻ.ടി സ്പെഷ്യലിസ്റ്റാണ്. സദാ സൗമ്യനും മിതഭാഷിയുമായ ഈ കമാൻഡന്റ് കഴിഞ്ഞ രണ്ടുവർഷത്തോളമായി സി.ഐ.എസ്.എഫിൽ വരുത്തിയ പരിഷ്ക്കാരങ്ങളും സുരക്ഷാ ക്രമീകരണങ്ങളും ശ്രദ്ധേയമാണ്.

ഉത്തർപ്രദേശിലെ ബറേലിയിൽ നിന്നും മധ്യപ്രദേശിലെ രാജ്ഗഢിലേയ്ക്ക് പറിച്ചുനടപ്പെട്ട കുടുംബമാണ് ശിശിർ ഗുപ്തയുടേത്. ഇൻഡോറിൽ ജില്ലാ സെഷൻസ് ജഡ്ജായി വിരമിച്ച കെ.കെ.ഗുപ്തയുടെ മകനാണ് ശിശിർ ഗുപ്ത. ഗ്വാളിയോർ ജി.ആർ. മെഡിക്കൽ കോളേജിൽ നിന്ന് 1991-ൽ എം.ബി.ബി.എസ് പൂർത്തിയാക്കി. തുടർന്ന് ഇ.എൻ.ടി യിൽ എം.എസിന് ചേർന്നു. ഒപ്പം സിവിൽ സർവീസ് പരീക്ഷയെഴുതി. എം.എസ്.ഒന്നാം വർഷം കഴിയുമ്പോഴേയ്ക്ക് സിവിൽ സർവീസിൽ പ്രവേശനം ലഭിച്ചു. കേന്ദ്രസർക്കാരിന്റെ ഗ്രൂപ്പ് എ ഓഫീസറായി സി.ഐ.എസ്.എഫിൽ അസിസ്റ്റന്റ് കമാൻഡന്റായി നിയമനം. ''ഏറെ ആശയക്കുഴപ്പം നിറഞ്ഞ കാലമായിരുന്നു അത്. ഗ്രൂപ്പ് എ ഓഫീസറായി പോകണമോ സിവിൽ സർവീസിൽ കൂടുതൽ റാങ്കിനായി ശ്രമിക്കണോ, ഇ.എൻ.ടി സർജനാകണോ.....ഒടുവിൽ സേനയിൽ ചേരാൻ തന്നെ തീരുമാനിച്ചു. ആ തീരുമാനത്തിൽ ഒരിക്കലും പശ്ചാത്തപിക്കേണ്ടിവന്നിട്ടില്ല'' ഡോ. ശിശിർ കുമാർ പറയുന്നു. സിവിൽ സർവീസ് പരിശീലനം പൂർത്തിയാക്കി ഡോ.ശിശിർ എം.എസ് രണ്ടാംവർഷം പഠനം തുടർന്നു. രാജസ്ഥാനിലെ കോട്ടയിൽ അൽപകാലം പ്രാക്ടീസും ചെയ്തു. തുടർന്ന് സി.ഐ.എസ്.എഫ് അസിസ്റ്റന്റ് കമാൻഡന്റായി ജാർഖണ്ഡിലെ സെൻട്രൽ കോൾ ഫീൽഡിൽ നിയമിതനായി.

ഇന്നത്തെക്കാൾ വലിയ നക്സലൈറ്റ് ഭീഷണിയുള്ള കാലമായിരുന്നു അത്. അതുകൊണ്ടുതന്നെ ആദ്യ നിയമനം തന്നെ ശിശിർ കുമാറിന് പാഠങ്ങൾ ഏറെ നൽകി. തുടർന്ന് നിരവധി തവണ തിരഞ്ഞെടുപ്പ് ഡ്യൂട്ടിയ്ക്ക് നിയോഗിക്കപ്പെട്ടു. താരാപ്പൂർ ഭാഭാ ആറ്റോമിക് റിസർച്ച് സെന്റർ, അഹമ്മദാബാദ് വിമാനത്താവളം എന്നിവിടങ്ങളിലും സി.ഐ.എസ്.എഫിന്റെ അമരത്ത് ശിശിർകുമാറുണ്ടായിരുന്നു. 2006 ൽ കൊസോവയിൽ ഐക്യരാഷ്ട്ര സഭയുടെ ശാന്തിസേനയിൽ അംഗമായി. ഒരുവർഷത്തെ യു.എൻ. പരിശീലനവും ജോലിയും സുരക്ഷാ രംഗത്തെ അന്താരാഷ്ട്ര പ്രവണതകളെക്കുറിച്ചറിയാൻ സഹായകരമായി. 2013 മെയ് മുതൽ ശിശിർകുമാർ കൊച്ചി വിമാനത്താവളത്തിലുണ്ട്.

'സിയാൽ ഗംഭീരമായൊരു മോഡലാണ്. ചുവപ്പുനാടയില്ലെന്നതാണ് ഇവിടുത്തെ ഏറ്റവും വലിയ സവിശേഷത. സ്വകാര്യ മേഖലയുടെ വേഗവും സർക്കാർ മേഖലയുടെ സാമൂഹ്യബോധവും സിയാലിനുണ്ട്. സുരക്ഷാമേഖലയെക്കുറിച്ച് മാനേജ്മെന്റിന് തികഞ്ഞ ബോധ്യമുണ്ട്. സി.ഐ.എസ്.എഫിന്റെ ഏത് ആവശ്യവും ഉടനടി നിങ്ങൾ ചെയ്തുതരും. ഞങ്ങളുടെ ഭാഗത്ത് നിന്നും പരമാവധി പിന്തുണ നൽകുന്നുണ്ട്. താൻ ഏറ്റവും സുരക്ഷിതമായ സ്ഥലത്താണ് എത്തിപ്പെട്ടതെന്ന അനുഭവം യാത്രക്കാരനുകണം. അതാണ് സി.ഐ.എസ്.എഫിന്റെ ലക്ഷ്യം'. ഡോ.ശിശിർ കുമാർ പറയുന്നു.

കേരളത്തെ ഏറെ ഇഷ്ടമാണ് ശിശിർ കുമാറിന്. ഇവിടുത്തെ മഴയെക്കുറിച്ച് എത്ര വർണിച്ചാലും മതിയാകില്ല. കേരളത്തിൽ അങ്ങോളമിങ്ങോളം ഇദ്ദേഹം യാത്ര നടത്തിയിട്ടുണ്ട്. ഹോബി യാത്രയെന്ന് പറയാം. കോളേജ് പഠനകാലത്ത് ക്രിക്കറ്റ് കളിച്ചിരുന്നു. ഇപ്പോൾ ആലുവ ദേശത്ത് പുഴയ്ക്കരികിൽ താമസം. ഭാര്യ ഡോ.അപർണ ഗുപ്ത ആസ്റ്റർ മെഡിസിറ്റിയിൽ പാത്തോളജിസ്റ്റാണ്. മകൾ യശസ്വിനി, വിശ്വജ്യോതി സ്കൂളിൽ ഒന്നാം ക്ലാസിൽ പഠിക്കുന്നു. യശസ്വിനി നന്നായി മലയാളം സംസാരിക്കും. സ്കൂളിൽ നിന്ന് സർട്ടിഫിക്കറ്റ് കിട്ടിയതായി ഡോ. ശിശിർ പറയുന്നു. മകൾക്ക് മലയാളം ഇഷ്ടമാണ്. കേരളത്തെ ശിശിർ ഗുപ്തയ്ക്കെന്നതുപോലെ....

– ജെ

**കേരളത്തെ ഏറെ ഇഷ്ടമാണ് ശിശിർ കുമാറിന്. ഇവിടുത്തെ മഴയെക്കുറിച്ച് എത്ര വർണിച്ചാലും മതിയാകില്ല.**



Dr Shishir Kumar Gupta and Family

In a department known for strict discipline and its systematic enforcement, Dr Shishir Kumar Gupta has shown how humility as a habit can enhance productivity. There is no better example than him to prove the point that humility increases in direct proportion to one's knowledge.

Senior Commandant of CISF Dr Shishir Kumar Gupta is an ENT Specialist. The gentle and soft spoken Dr Gupta has brought about commendable changes in the security measures during his two years of service at CIAL.

Dr Gupta hails from a family that had been transplanted from Bareily in UttarPradesh to Rajghat in Madhya Pradesh. Shishir Gupta is the son of KK Gupta, who retired as the District Sessions Judge of Indore. He completed his MBBS from the GR Medical College in Gwalior in 1991. Subsequently he joined for MS in ENT. It was at the same time that he also appeared for the Civil Services Examination. Even before completion of his first year in MS, he gained admission to the Civil Services. He was appointed in CISF as Group A Officer of the Govt. of India, designated as Asst. Commandant.

It was a period of great confusion, he remembers. Should he accept the offer, or try for better ranking in the Civil Services. Or should he continue his studies for MS..? Ultimately, he decided to accept the offer and join the Force. And that was a decision he never had to regret, he says.

He continued his second year of studies for MS after completion of his Civil Services training. He practiced for sometime at Kota in Rajasthan before being appointed Asst Commandant at the Central Coal Field in Jharkhand. It was a time when the region was facing severe threat from the Naxalites. And his initial appointment itself taught him some valuable lessons of life. He was deputed for election duty several times.

He also headed the CISF at Tarapur Bhabha Atomic Research Centre and later, the Ahmedabad Airport. He became part of the UN Peace Troop for Kosova in 2006. His tenure at the UN familiarized him with the International Norms in security. He has been serving Cochin Airport since May 2013.

"CIAL is a great role model. The biggest advantage is that there is no red tapism here. Cial is blessed with the speed of a private enterprise in decision making, even as it maintains the social commitment of a govt. enterprise. The CIAL management is fully aware of the importance of its security wing. And all requirements of the CISF are met with immediate effect. The management provides total support to all the measures taken up by it. "All travelers should feel that they are in the most secure of places, when they reach here. That is the aim of CISF," says Dr Shishir Kumar.

Shishir Kumar loves Kerala. He is never tired of praising the beauty of the rains here. He has travelled across the length and breadth of Kerala. Travel is his hobby. He used to play cricket during his college days.

The 'Doctor commandant' now stays in Desom, near Aluva, in a riverside villa with his wife Dr.Aparna Gupta, who works as a Pathologist at Aster Medicity and daughter Yasaswini, who studies at Viswa Jyothi Public School. Dr. Gupta proudly says that his daughter, who is studying in First standard is eloquent in Malayalam. She loves to learn, speak and sing Malayalam like how her Dad relishes Kerala.



സിയാൽ വാർഷിക പൊതുയോഗം

# സമഗ്ര കുടിവെള്ള വിതരണ പദ്ധതി തുടങ്ങും -മുഖ്യമന്ത്രി

നെടുമ്പാശ്ശേരി, കാഞ്ഞൂർ, ശ്രീമൂലനഗരം എന്നീ പഞ്ചായത്തുകളിലാണ് സംസ്ഥാന സർക്കാർ സഹകരണത്തോടെ സിയാൽ സമഗ്ര കുടിവെള്ള വിതരണ പദ്ധതി നടപ്പാക്കുക.

കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് (സിയാൽ ) സാമൂഹിക പ്രതിബദ്ധതയുടെ ഭാഗമായി സമഗ്ര കുടിവെള്ള വിതരണ പദ്ധതിയ്ക്ക് തുടക്കമിടുമെന്ന് കമ്പനിയുടെ ചെയർമാൻ കൂടിയായ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി അറിയിച്ചു. സിയാലിന്റെ ഇരുപതാമത് വാർഷിക പൊതുയോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഓഹരി ഉടമകൾക്ക് നാല് ഓഹരികൾക്ക് ഒരോഹരി എന്ന അനുപാതത്തിൽ അവകാശ ഓഹരി നൽ കാൻ നടപടി സ്വീകരിക്കുമെന്നും മുഖ്യമന്ത്രി അറിയിച്ചു.

വിമാനത്താവളം സ്ഥിതിചെയ്യുന്ന നെടുമ്പാശ്ശേരി, കാഞ്ഞൂർ, ശ്രീമൂലനഗരം എന്നീ പഞ്ചായത്തുകളിലാണ് സംസ്ഥാന സർക്കാർ സഹകരണത്തോടെ സിയാൽ സമഗ്ര കുടിവെള്ള വിതരണ പദ്ധതി നടപ്പാക്കുക. 2014-15 സാമ്പത്തിക വർഷം തന്നെ പദ്ധതി തുടങ്ങും. ആഗോള താപനത്തിന്റേയും കാലാവസ്ഥാ വ്യതിയാനത്തിന്റേയും ഫലമായി ജല സ്രോതസ്സുകൾ കുറഞ്ഞുവരുന്ന സാഹചര്യത്തിൽ വിപുലമായ ജലസംരക്ഷണ പദ്ധതികൾ ആവിഷ്ക്കരിക്കാൻ സിയാൽ നടപടി ആരംഭിച്ചുകഴിഞ്ഞു. സംസ്ഥാനം കടുത്ത വൈദ്യുതി ക്ഷാമം നേരിടുന്ന സാഹചര്യത്തിൽ പാരമ്പര്യേതര ഊർജ സ്രോതസ്സുകളേയും ചെറുകിട ജല വൈദ്യുത പദ്ധതികളേയും ഫലപ്രദമായി പ്രയോജനപ്പെടുത്തിക്കൊണ്ട് വൈദ്യുതി മേഖലയിൽ സ്വയം പര്യാപ്തത കൈവരിക്കാനുള്ള നടപടികൾക്ക് സിയാൽ തുടക്കം കുറിച്ചിട്ടുണ്ട്. സിയാലിന്റെ ഉപകമ്പനിയായ സിയാൽ ഇൻഫ്രസ്ട്രക്ചേഴ്സ് ലിമിറ്റഡ് കേരളത്തിലെ ആദ്യത്തെ മെഗാവാട്ട് സൗരോർജ പ്ലാന്റ് സ്ഥാപിച്ചുകഴിഞ്ഞു. അടുത്ത സാമ്പത്തിക വർഷത്തിൽ വിമാനത്താവളത്തിന്റെ ഉടമസ്ഥതയിലുള്ള 50 ഏക്കറിൽ 11 മെഗാവാട്ടിന്റെ സൗരോർജ പ്ലാന്റ് സ്ഥാപിക്കുന്നതോടെ സിയാൽ രാജ്യത്തെ ആദ്യത്തെ ' പവർ ന്യൂട്രൽ ' വിമാനത്താവള കമ്പനിയായി മാറും. ഇതിനുപുറമെ, 43.8 മെഗാവാട്ട് ശേഷിയുള്ള എട്ട് ചെറുകിടജലവൈദ്യുത പദ്ധതികൾ നടത്താൻ കേരള ഗവൺമെന്റ് സിയാലിന് അനുമതി നൽകിയിട്ടുണ്ട്. മൂന്ന് വർഷം കൊണ്ട് ഈ പദ്ധതികൾ പൂർത്തിയാക്കും. ഇപ്രകാരമുള്ള ഊർജ-ജല സംരക്ഷണ പദ്ധതികളിലൂടെ സിയാൽ പരിപൂർണ പരിസ്ഥിതി സൗഹാർദ വിമാനത്താവളം എന്ന ബൃഹത്തായ ആശയം സാക്ഷാത്ക്കരിക്കുകയാണെന്നും മുഖ്യമന്ത്രി കൂട്ടിച്ചേർത്തു.

സിയാലിന്റെ ഓഹരിയുടമകൾക്ക് പതിനെട്ട് ശതമാനം ലാഭവിഹിതം നൽകാനുള്ള ഡയറക്ടർ ബോർഡ് ശുപാർശ പൊതുയോഗം അംഗീകരിച്ചു. ഇക്കഴിഞ്ഞ സാമ്പത്തിക വർഷം സിയാൽ 361.39 കോടി രൂപയുടെ വരുമാനം നേടിയിരുന്നു. നികുതി കിഴിച്ചുള്ള ലാഭം 124.37 കോടി രൂപയും. സിയാലിന് പതിനേഴായിരത്തിലധികം ഓഹരിയുടമകളുണ്ട്. പതിനെട്ട് ശതമാനം ലാഭവിഹിതം നൽകാനുള്ള ഡയറക്ടർ ബോർഡ് തീരുമാനം വാർഷിക പൊതുയോഗം അംഗീകരിച്ചതോടെ സിയാൽ ഓഹരിയുടമകൾക്ക് ഇതുവരെ ലഭിച്ച ലാഭവിഹിതം 132 ശതമാനമായി ഉയരും. ഇതിനുപുറമെ നാലിനൊന്ന് എന്ന അനുപാതത്തിൽ അവകാശ ഓഹരി നൽകാനുള്ള നടപടി സ്വീകരിക്കാമെന്നും മുഖ്യമന്ത്രി സമ്മതിച്ചിട്ടുണ്ട്. കമ്പനിയുടെ ഭാവി വികസന പ്രവർത്തനങ്ങൾക്കായി വായ്പാ പരിധി 1500 കോടി രൂപയായി വർധിപ്പിക്കാനുള്ള ശുപാർശയും വാർഷിക പൊതുയോഗം അംഗീകരിച്ചിട്ടുണ്ട്. കാലാവധി തീരുന്ന ഡയറക്ടർ ബോർഡ് അംഗങ്ങളായ മന്ത്രിമാർ കെ.എം.മാണി, പി.കെ.കുഞ്ഞാലിക്കുട്ടി,കെ.ബാബു എന്നിവരുടെ പുനർനിയമനത്തിനും വാർഷിക പൊതുയോഗം അനുമതി നൽകിയിട്ടുണ്ട്.

മന്ത്രിമാരും സിയാൽ ഡയറക്ടർമാരുമായ കെ.എം.മാണി, പി.കെ.കുഞ്ഞാലിക്കുട്ടി, കെ.ബാബു, സിയാൽ ഡയറക്ടർമാരായ എം.എ.യൂസഫലി, സി.വി. ജേക്കബ്, ഇ.എം.ബാബു, കമ്പനിയുടെ മാനേജിങ് ഡയറക്ടറും അഡീഷണൽ ചീഫ് സെക്രട്ടറിയുമായ വി.ജെ. കുര്യൻ തുടങ്ങിയവർ പൊതുയോഗത്തിൽ പങ്കെടുത്തു.

## നാലിനൊന്ന് അവകാശ ഓഹരി നൽകും

**15 വർഷത്തിനുള്ളിൽ സിയാൽ ഓഹരി മൂല്യം വർദ്ധിച്ചത് 20 ഇരട്ടിയിലേറെ**

ഓഹരി കമ്പോളത്തിന്റെ ചാഞ്ചാട്ടത്തിൽ കാശ് കിട്ടിയവർ ഏറെയുണ്ട്. നഷ്ടപ്പെട്ടവരുടെ കണക്ക് അതിലേറെ. എന്നാൽ പൊതു ഓഹരി വിപണയിൽ പ്രവേശിച്ചിട്ടില്ലെങ്കിലും കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ്, നിക്ഷേപകർക്ക് പ്രത്യാശ പകരുന്നു. കമ്പനിയുടെ പതിനെട്ട് വർഷത്തെ ചരിത്രത്തിൽ ഓഹരിയുടെ മൂല്യം വർധിച്ചത് 20 മുതൽ 30 വരെ ഇരട്ടി.

ഇക്കഴിഞ്ഞ സാമ്പത്തിക വർഷം സിയാൽ 361.39 കോടി രൂപയുടെ വരുമാനം നേടി. നികുതി കിഴിച്ചുള്ള ലാഭം 124.42 കോടി രൂപ.

ഈ വർഷം 18 ശതമാനം ലാഭവിഹിതമാണ് ഡയറക്ടർബോർഡ് ശുപാർശ ചെയ്തിട്ടുള്ളത്. 2003 മുതൽ കമ്പനി മുടങ്ങാതെ ലാഭവിഹിതം നൽകിവരുന്നു. 1994-ലാണ് സിയാൽ ഓഹരിയിലൂടെ നിക്ഷേപം സ്വീകരിച്ചുതുടങ്ങിയത്.

നിക്ഷേപത്തിന്റെ 20 ഇരട്ടിയിലധികമാണ് സിയാൽ ഓഹരിയിൻമേൽ മൂല്യവർധനവ് നടത്തിയിട്ടുള്ളതെന്ന് കണക്കുകൾ പരിശോധിച്ചാൽ വ്യക്തമാകും. ഉദാഹരണത്തിന് 1994-ൽ അയ്യായിരം രൂപ സിയാലിൽ നിക്ഷേപിച്ച ഓഹരിയുടമയുടെ കാര്യമെടുക്കാം. അത് 2500 രൂപയുടെ കിസാൻ വികാസ് പത്ര സിയാൽ നൽകിയിരുന്നു. 1999-ൽ ഈ തുക ഇരട്ടിയ്കുകയും ഇദ്ദേഹം നിക്ഷേപിച്ച അയ്യായിരം രൂപയും മടക്കിലഭിക്കുകയും ചെയ്തു. ഇതിനുപുറമെ, ഓഹരിയൊന്നിന് പത്തുരൂപ നിരക്കിൽ 250 ഓഹരികൾ സിയാൽ നൽകി. അതായത് 2500 രൂപയുടെ മൊത്തം ഓഹരി.

രണ്ടായിരാമാണ്ടിൽ ഒന്നിന് പകരം ഒന്ന് എന്ന കണക്കിൽ സിയാൽ അവകാശ ഓഹരി അനുവദിച്ചു. അതായത് ഈ വ്യക്തി 500 ഓഹരികളുടെ ഉടമയായി (ഇവയുടെ മൊത്തം മുഖവില 5000 രൂപയും). 2006-ൽ വീണ്ടും ഇതേ മാതൃകയിൽ അവകാശ ഓഹരി അനുവദിച്ചു. ഇത് വാങ്ങിയെന്നിരിക്കട്ടെ. ഇപ്പോൾ ഇദ്ദേഹത്തിന്റെ കൈയിൽ മൊത്തം 1000 ഓഹരിയായി. ഇവയുടെ മുഖവില പതിനായിരം രൂപ. കിസാൻ വികാസ് പത്ര കൂടി പരിഗണിച്ചാൽ ഇവയ്ക്കായി ഓഹരിയുടമയ്ക്ക് ഫലത്തിൽ ചെലവായത് 7500 രൂപ. 2003-04 മുതൽ 2013-14വരെ 32 ശതമാനം ലാഭവിഹിതം സിയാൽ നൽകിയിട്ടുണ്ട്. അതായത് ഈ വ്യക്തി മുടക്കിയ 7500 രൂപയുടെ മേൽ 11800 രൂപ ലാഭവിഹിതമായി ലഭിക്കുന്നു. നിലവിൽ ഒരു ഓഹരിയ്ക്ക് ഏറ്റവും കുറഞ്ഞത് 150 രൂപ വിലയുണ്ടെന്ന് കണക്കാക്കിയാൽ ആയിരം ഓഹരിയ്ക്ക് 1.5 ലക്ഷം രൂപയാകും. ഇപ്പോൾ ഈ വ്യക്തി തന്റെ കൈയിലുള്ള ഓഹരികൾ വിൽക്കുകയാണെങ്കിൽ ഏറ്റവും കുറഞ്ഞത് 1.5 ലക്ഷം രൂപ കിട്ടുമെന്ന് ചുരുക്കം. അതായത് 7500 ന്റെ 20 ഇരട്ടി. ഇതിനുപുറമെയാണ് ഈ വ്യക്തിയ്ക്ക് ലാഭവിഹിതമായി 11800 രൂപ ലഭിച്ചത്. ഇനി 2000-ൽ അവകാശ ഓഹരി സ്വന്തമാക്കാൻ താൽപ്പര്യപ്പെടാത്ത മറ്റൊരാളുടെ കണക്കു നോക്കിയാൽ 2500 രൂപയുടെ നിക്ഷേപത്തിന് 78400 രൂപയുടെ വിപണിമൂല്യമുള്ള ഓഹരികൾ സ്വന്തമായെന്ന് കാണാം. അതായത് 31.36 ഇരട്ടി.

കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡിന്റെ ഇരുപതാമത് വാർഷിക പൊതുയോഗം ആഗസ്റ്റ് 29 ന് എറണാകുളം ഫൈൻ ആർട്സ് ഹാളിൽ നടന്നു. കമ്പനിയുടെ ചെയർമാൻ കൂടിയായ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി, നിക്ഷേപകർക്ക് മുന്നിൽ സിയാലിന്റെ കണക്കുകൾ അവതരിപ്പിച്ചു. തൊണ്ണൂറുകളുടെ തുടക്കത്തിൽ ഒന്നുമില്ലായ്മയിൽ നിന്ന് ഒരു വിമാനത്താവളം പണി കഴിച്ച് ചരിത്രം സൃഷ്ടിച്ച സിയാൽ ഇന്ന് ദ്രുതമായ വളർച്ചയുടെ പാതയിലാണ്. ജലവൈദ്യുതി പദ്ധതി, വിമാന അറ്റകുറ്റപ്പണി കേന്ദ്രം, എണ്ണൂറുകോടി രൂപ ചെലവിട്ട് നിർമിക്കുന്ന പുതിയഅന്താരാഷ്ട്ര ടെർമിനൽ എന്നിങ്ങനെയുള്ള പ്രോജക്ടുകൾ, 54 ലക്ഷത്തോളം യാത്രക്കാർഎന്നിങ്ങനെയുള്ള നേട്ടങ്ങൾ സ്വായത്തമാക്കാൻ കമ്പനിയ്ക്കായിട്ടുണ്ട്



# കൊച്ചി വിമാനത്താവളത്തിൽ റോബോട്ടിക് സുരക്ഷ

**അഗ്നിശമന ദൗത്യങ്ങൾ, ഹൈജാക്കിങ് തുടങ്ങിയ സാഹചര്യങ്ങളിൽ ഈ റോബോട്ടിന് സുരക്ഷാ സൈനികരെ സഹായിക്കാൻ കഴിയും.**

റോബോട്ടുകളെയും ത്രെട്ട് കൺട്രോൾ വെസ്സലുകളേയും ഉപയോഗിച്ച് സുരക്ഷ ഉറപ്പുവരുത്താനുള്ള ബൃഹദ് പദ്ധതിയ്ക്ക് കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് തുടക്കമിട്ടു. റോബോട്ടിക് സുരക്ഷയുടേയും ബോംബ് ഡിറ്റക്ഷൻ ആന്റ് ഡിസ്പോസൽ ഉപകരണങ്ങളുടേയും ഉദ്ഘാടനം സിയാൽ മാനേജിങ് ഡയറക്ടർ വി.ജെ.കുര്യൻ ഐ. എ. എസ്. നിർവഹിച്ചു.

ന്യൂക്ലിയർ സ്റ്റേഷനുകളിൽ ഉപയോഗിക്കുന്ന വിധത്തിലുള്ള റോബോട്ടുകൾ, അത്യുഗ്രശേഷിയുള്ള സ്ഫോടനം ചെറുക്കാൻ കഴിയുന്ന ത്രെട്ട് കൺട്രോൾ വെസലുകൾ എന്നിവയുൾപ്പെടുന്ന സുരക്ഷാ ഉപകരണങ്ങളാണ് കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ വിന്യസിക്കുക. ഇതോടെ റോബോട്ടിക് സുരക്ഷാ വിന്യാസമുള്ള ദക്ഷിണേന്ത്യയിലെ ആദ്യ വിമാനത്താവളമായി കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് മാറുകയാണ്. ലോകത്തെ ഏറ്റവും മുന്തിയ സാങ്കേതിക വിദ്യയുടെ സഹായത്താൽ യാത്രക്കാർക്ക് പരമാവധി സുരക്ഷ ഉറപ്പുവരുത്തുകയെന്ന ലക്ഷ്യമാണ് സിയാൽ സാക്ഷാത്ക്കരിക്കുന്നതെന്ന് വി.ജെ.കുര്യൻപറഞ്ഞു. '...സാങ്കേതിക വിദ്യയിലുണ്ടാകുന്ന പുരോഗതി എല്ലാക്കാലത്തും നടപ്പിലാക്കാൻ സിയാൽ ശ്രമിച്ചിട്ടുണ്ട്. യാത്രക്കാരുടെ സുരക്ഷാ സംവിധാനം അന്താരാഷ്ട്ര നിലവാരത്തിലുള്ളതാക്കാനാണ് ഇപ്പോഴത്തെ ശ്രമം...' കുര്യൻ പറഞ്ഞു.

റോബോട്ടിക് സുരക്ഷാ സാങ്കേതിക വിദ്യയിൽ ലോകത്തെ പ്രധാന സ്ഥാപനങ്ങളിലൊന്നായ പെഡ്സ്കോ, കാനഡ വികസിപ്പിച്ചെടുത്ത റോബോട്ട്, അമേരിക്കയിലെ നാബ്കോം വികസിപ്പിച്ചെടുത്ത ത്രെട്ട് കെയ്ൻമെന്റ് വെസൽ എന്നിവയാണ് പന്ത്രണ്ട് കോടിയോളം രൂപ ചെലവിട്ട് കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ എത്തിച്ചത്. അപകടകരമായ രാസവസ്തുക്കൾ, റേഡിയോ ആക്ടീവ് പദാർത്ഥങ്ങൾ, ബോംബുകൾ



**വൻ ശേഷിയുള്ള സ്ഫോടനങ്ങൾ താങ്ങാൻ ശേഷിയുള്ളതാണ് സിയാലിൽ എത്തിയിട്ടുള്ള ത്രെട്ട് കൺടെയ്ൻമെന്റ് വെസൽ.**


എന്നിവ കൈകാര്യം ചെയ്യാനാണ് റോബോട്ടുകൾ. ഇങ്ങനെ എടുക്കുന്ന അപകടകരമായ വസ്തുക്കൾ ത്രെട്ട് കൺട്രോൾ വെസ്സലുകളിലിട്ട് നിർവീര്യമാക്കുകയാണ് ചെയ്യുന്നത്.

റിമോട്ട് മൊബൈൽ ഇൻവസ്റ്റിഗേറ്റർ (ആർ.എം.ഐ-9WT) എന്ന റോബോട്ടാണ് ഇതിനായി ഉപയോഗിക്കുക. അഗ്നിശമന ദൗത്യങ്ങൾ, ഹൈജാക്കിങ് തുടങ്ങിയ സാഹചര്യങ്ങളിൽ ഈ റോബോട്ടിന് സുരക്ഷാ സൈനികരെ സഹായിക്കാൻ കഴിയും. 80 കിലോഗ്രാം ഭാരവും നാലടിയോളം ഉയരവുമുള്ള ഈ റോബോട്ട് റിമോട്ട് കൺട്രോളിലൂടെയാണ് പ്രവർത്തിക്കുക. ഇരുന്നൂറു കിലോഗ്രാം ഭാരമുള്ള വസ്തുക്കൾ എടുത്തുയർത്താനും പടിക്കെട്ടുകൾ കയറാനും ശേഷിയുള്ള ഈ റോബോട്ട് എട്ട് ക്യാമറകളുടെ സഹായത്തോടെയാണ് പ്രവർത്തിക്കുന്നത്. പെട്ടികൾക്കുള്ളിലുള്ള വസ്തുക്കളുടെ പ്രകൃതം മനസ്സിലാക്കാനുള്ള എക്സ്റെ യൂണിറ്റ്, പ്രതലം തുരന്ന് അകത്തുള്ള വസ്തുക്കൾ എടുത്തുമാറ്റാനുള്ള പവർ ഡ്രിണ്ടറുകൾ, ഗൺ ക്യാമറ, സെമി ഓട്ടോ മാറ്റിക് ഷോട്ട് ഗൺ, എയ്മിങ് ലേസർ എന്നീ ഉപകരണങ്ങളും ഈ റോബോട്ടിലുണ്ട്.

റോബോട്ട് കണ്ടെത്തുന്ന അപകടകരമായ ലഗേജ് നിർവീര്യമാക്കാനാണ് ടി.സി.വികൾ ഉപയോഗിക്കുന്നത്. വൻ ശേഷിയുള്ള സ്ഫോടനങ്ങൾ താങ്ങാൻ ശേഷിയുള്ളതാണ് സിയാലിൽ എത്തിയിട്ടുള്ള ത്രെട്ട് കൺസെയ്ൻമെന്റ് വെസൽ. ഒന്നിലധികം തവണ ഉപയോഗിക്കാൻ കഴിയും എന്നതാണ് ഇതിന്റെ സവിശേഷത. ഈ വെസലുകൾ പ്രത്യേകം ട്രെയലുകളിൽ ഘടിപ്പിച്ചാണ് വിവിധ ഭാഗങ്ങളിലേയ്ക്ക് കൊണ്ടുപോകുന്നത്. ഇതിനുപുറമെ ചെറുകിട സ്ഫോടക ശേഷിയുള്ള വസ്തുക്കൾ നിർവീര്യമാക്കാനുള്ള രണ്ട് ലൈറ്റ് കണ്ടെയ്നർ വെസലുകളുമാണ് സിയാൽ വിന്യസിക്കുന്നുണ്ട്. സി.ഐ.എസ്.എഫ്, സിയാൽ സുരക്ഷാ വിഭാഗം, എന്നിവയെ ഏകോപിപ്പിച്ചുകൊള്ള സുരക്ഷാ മുൻകരുതൽ നടപടിയാണ് നടപ്പിലാക്കുന്നത്.

ടി.സി.വി, റോബോട്ട് എന്നിവയ്ക്ക് പുറമെ, ബോംബ് തത്ക്കാലത്തേയ്ക്ക് നിർവീര്യമാക്കാനുള്ള ബോംബ് ഇൻഹിബിറ്റർ, പോർട്ടബിൾ എക്സ്-റേ വ്യൂയിങ് സംവിധാനം, സെമി കണ്ടക്ടർ സാങ്കേതിക വിദ്യ ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഉപകരണങ്ങളെ കണ്ടുപിടിക്കാനുള്ള നോൺ ലീനിയർ ജങ്ഷൻ ഡിറ്റക്ടർ, ഭൂമിക്കടിയിൽ ഒളിപ്പിച്ചുവച്ചിട്ടുള്ള സ്ഫോടക വസ്തുക്കളെ കത്തൊൻ കഴിവുള്ള ഡീപ് സെർച്ച് മെറ്റൽ ഡിറ്റക്ടർ എന്നിവയും സുരക്ഷാ ക്രമീകരണത്തിന്റെ ഭാഗമായി സിയാൽ ഒരുക്കിയിട്ടുണ്ട്. സിയാൽ ചീഫ് സെക്യൂരിറ്റി ഓഫീസർ പി.ഗൗരിശങ്കറിന്റെ നേതൃത്വത്തിലുള്ള വിദഗ്ധ സംഘമാണ് റോബോട്ടിക് സുരക്ഷാ ഉപകരണങ്ങൾ തിരഞ്ഞെടുത്തത്. സിയാൽ എം.ആർ.ഒ ഹാംഗറിൽ നടന്ന ഉദ്ഘാടനച്ചടങ്ങിൽ എയർപോർട്ട് ഡയറക്ടർ എ.സി.കെ.നായർ, ജനറൽ മാനേജർമാരായ സുനിൽ ചാക്കോ, സജി ജോർജ്, സി.ഐ.എ.എസ്.എൽ. മാനേജിങ് ഡയറക്ടർ വെങ്കിടേശ്വരൻ, സി.ഐ.എസ്.എഫ് അസിസ്റ്റന്റ് കമാൻഡന്റ് പി.പി.പ്രഭാകരൻ തുടങ്ങിയവർ പങ്കെടുത്തു.





കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡിന്റെ ലാഭവിഹിതമായ 17.76 കോടി രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് മന്ത്രി കെ.ബാബുവിൽ നിന്ന് മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി സ്വീകരിക്കുന്നു. സിയാൽ മാനേജിങ് ഡയറക്ടർ വി.ജെ.കുര്യൻ, കമ്പനി സെക്രട്ടറി സജി കെ.ജോർജ് എന്നിവർ സമീപം.

## സിയാൽ ലാഭവിഹിതമായി

# 17.76 കോടി രൂപ സർക്കാരിന് നൽകി

കൊച്ചി ഇന്റർനാഷണൽ എയർ പോർട്ട് ലിമിറ്റഡ് (സിയാൽ) 2013-14 സാമ്പത്തിക വർഷത്തിലെ ലാഭ വിഹിതം സംസ്ഥാന സർക്കാരിന് നൽകി. 17.76 കോടി രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് കമ്പനിയുടെ ഡയറക്ടർ കൂടിയായ മന്ത്രി ശ്രീ.കെ.ബാബു, മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയ്ക്ക് നൽകി. അഡീഷണൽ ചീഫ് സെക്രട്ടറിയും സിയാൽ മാനേജിങ് ഡയറക്ടറുമായ ശ്രീ. വി.ജെ.കുര്യൻ ഐ.എ.എസ്, കമ്പനി സെക്രട്ടറി ശ്രീ.സജി കെ.ജോർജ് എന്നിവർ സന്നിഹിതരായിരുന്നു.

2013-14 സാമ്പത്തിക വർഷം 361.39 കോടി രൂപയാണ് കമ്പനിയുടെ വരുമാനം. നികുതി കിഴിച്ചുള്ള ലാഭം 124.37 കോടി രൂപയും. കഴിഞ്ഞ സാമ്പത്തിക വർഷത്തെ ലാഭവിഹിതം. 11.68 ശതമാനം അധികമാണിത്. വരുമാനത്തിൽ 17.9 ശതമാനം വളർച്ചയാണ് കമ്പനി രേഖപ്പെടുത്തിയിട്ടുള്ളത്. സംസ്ഥാന സർക്കാർ ഉൾപ്പെടെയുള്ള ഓഹരിയുടമകൾക്ക് 18 ശതമാനം ലാഭവിഹിതം നൽകാൻ സിയാലിന്റെ വാർഷിക പൊതുയോഗം തീരുമാനിച്ചിരുന്നു. സംസ്ഥാന സർക്കാരിന് 32.24 ശതമാനം ഓഹരിയാണുള്ളത്. തുടക്കം മുതൽ സ്ഥിരതയാർന്ന വളർച്ച സിയാൽ പ്രകടിപ്പിക്കുന്നുണ്ട്. 2003-04 സാമ്പത്തിക വർഷം മുതൽ തുടർച്ചയായി ലാഭവിഹിതം നൽകിവരുന്നു. ഇക്കഴിഞ്ഞ സാമ്പത്തിക വർഷത്തോടെ ഓഹരിയുടമകൾക്ക് നിക്ഷേപത്തുകയുടെ 132 ശതമാനം മടക്കിനൽകാൻ കമ്പനിയ്ക്ക് കഴിഞ്ഞിട്ടുണ്ട്.

കമ്പനിയുടെ ആകെ വരുമാനത്തിന്റെ 44.8 ശതമാനം ഭാഗം വ്യോമഗതാഗതേതര മാർഗത്തിലൂടെയാണ് ലഭിച്ചത്. വൈവിധ്യവത്ക്കരണത്തിൽ സിയാൽ നടത്തുന്ന ശ്രമങ്ങളുടെ വിജയം കൂടിയാണത്. അടുത്ത പത്തുവർഷം കൊണ്ട് മുവായിരം കോടി വിറ്റുവരവുള്ള സ്ഥാപനമായി സിയാലിനെ ഉയർത്താനുള്ള ബൃഹദ് മാനേജ്മെന്റ് പദ്ധതി കമ്പനി പ്രാവർത്തികമാക്കിയിട്ടുണ്ട്.

യാത്രക്കാരുടെ എണ്ണത്തിലും ചരക്ക് കൈകാര്യം ചെയ്യുന്ന ശേഷിയിലും സിയാൽ വലിയ വളർച്ച പ്രകടിപ്പിക്കുന്നു. ഇക്കഴിഞ്ഞ സാമ്പത്തിക വർഷം 54 ലക്ഷത്തോളം യാത്രക്കാരാണ് കൊച്ചി വിമാനത്താവളം ഉപയോഗിച്ചത്. യാത്രക്കാർക്ക് കുറഞ്ഞ ചെലവിൽ അന്താരാഷ്ട്ര മികവുള്ള സേവനം ലഭ്യമാക്കാനുള്ള ശ്രമത്തിന്റെ ഭാഗമായി പുതിയ രാജ്യാന്തര ടെർമിനൽ സിയാൽ പണികഴിപ്പിക്കുകയാണ്. 850 കോടിയോളം രൂപ ചെലവുവരുന്ന പുതിയ ടെർമിനൽ ഒരുവർഷം കൊണ്ട് പൂർത്തിയാക്കുകയാണ് ലക്ഷ്യം.





ഉന്നതരും പ്രബലരും കേരളം

**ഇന്ത്യാടുഡേ വാരിക കേരളത്തിലെ ഏറ്റവും മിടുക്കരായ ഉദ്യോഗസ്ഥരെ തിരഞ്ഞെടുത്തിരുന്നു. സിയാൽ മാനേജിങ് ഡയറക്ടർ വി ജെ കുര്യൻ ഐ എ എസും ആ പട്ടികയിൽ സ്ഥാനം നേടി**

## ഔദ്യോഗിക മുൻനിരയിലെ 10 പേർ

# അണിയറയിലെ നിഷ്കാമികൾ

ഭരിക്കുന്നവരുടേയും രാഷ്ട്രീയക്കാരുടേയും എറാൻ മൂളികളായാണ് പൊതുവേ സമൂഹം ഉദ്യോഗസ്ഥവർഗത്തെ കാണുന്നത്. പക്ഷേ നാടിന്റെ വികസനം മറന്ന് സ്വന്തം വികസനം മാത്രം ലക്ഷ്യം വച്ചുള്ള രാഷ്ട്രീയക്കാരന്റെ കണ്ണും പൂട്ടിയുള്ള ഓട്ടത്തിനിടയിലും നമ്മുടെ ഈ മഹത്തായ രാഷ്ട്രം തകരാതെ പിടിച്ചു നിൽക്കുന്നത് ഇപ്പോഴും കുറേ സത്യസന്ധരും കർമ്മോത്സുകരുമായ ഉദ്യോഗസ്ഥർ നമുക്കുണ്ട് എന്നതിനാലാണ് എന്ന് നമ്മൾ മറന്നു പോകുന്നു. ഇത്തരത്തിലുള്ള നാടിന്റെ ഭാഗ്യമായ ഏതാനും ഉന്നത ഉദ്യോഗസ്ഥരെയാണ് ഇതാദ്യമായി *ഇന്ത്യാ ടുഡേ* 2014-ലെ ഉന്നതരും പ്രബലരുമായവരുടെ പട്ടികയിലൂടെ വായനക്കാർക്ക് പരിചയപ്പെടുത്തുന്നത്. ധീരമായ നിലപാടുകളിലൂടെയും വികസനോന്മുഖമായ പദ്ധതികളുടെ സ്തുത്യർഹമായ നടത്തിപ്പിലൂടെയും വികസനത്തിന്റെ പുതിയ മാതൃകകൾ കണ്ടെത്തിയതിലൂടെയുമെല്ലാം. ഇവരിൽ ചിലരൊക്കെയെങ്കിലും ജനശ്രദ്ധ പിടിച്ചു പറ്റിയിട്ടുണ്ടാകാമെങ്കിലും ഭൂരിപക്ഷം പേരും അണിയറിൽ നിശ്ശബ്ദമായി പ്രവർത്തിക്കാൻ ഇഷ്ടപ്പെടുന്നവർ. അതിൽ സംസ്ഥാന ചീഫ് സെക്രട്ടറി മുതൽ അഡീഷണൽ ഡിജിപിമാരും വനപാലകരും വരെയുണ്ട്.

വിമാനത്താവളങ്ങളും മെട്രോയും നാലുവരി പാതയും ജലപാതകളും വനപാലനവുമൊക്കെ രാഷ്ട്രീയക്കാരന്റെ മഹത്തായ വീക്ഷണങ്ങളായി ആത്യന്തികമായി കൊട്ടിഘോഷിക്കപ്പെടുമ്പോൾ അതിലേക്കുള്ള ആശയത്തിന്റെ വിത്ത് പാകിക്കൊടുത്ത, അല്ലെങ്കിൽ അത് സ്തുത്യർഹമായി നടപ്പിലാക്കിയ പിന്നണി പ്രവർത്തകരെ ആരും അറിയാതെ പോകുന്നു. അപ്പോഴും ഇതെന്റെ ചുമതല, കർത്തവ്യം എന്ന ബോധത്തോടെ നിഷ്കാമിയാകുന്നവരാണ് ഇവരിൽ പലരും. ഉദ്യോഗസ്ഥ ഭരണ സംവിധാനത്തിന്റെ പരിമിതികൾക്കുള്ളിൽ ഒതുങ്ങി നിന്നുകൊണ്ടു തന്നെ ഏറെ ജനോപകാരപ്രദമായ കാര്യങ്ങൾ നേരിട്ടു ചെയ്യാൻ കഴിയും എന്നിരിക്കേ വെറും ഫയൽ നോട്ടവും കോപ്പിയെഴുത്തുമല്ല തന്റെ നിയോഗമെന്ന് തിരിച്ചറിയുന്നവർ കൂടുതൽ ഉണ്ടാകട്ടെ.

*ഹരശങ്കരൻ*

1

**ഇ കെ ഭരത് ഭൂഷൺ**

59, ചീഫ് സെക്രട്ടറി (പുതിയത്) ★

### കർക്കശനായ സമർഥൻ



2

**കെ എം അബ്രഹാം**

57, അഡീഷണൽ ചീഫ് സെക്രട്ടറി (പുതിയത്) ★

### ബഹുമുഖ പ്രാവീണ്യം



3

**വി ജെ കുര്യൻ**

57, എം ഡി, സിയാൽ (പുതിയത്) ★

### ചിറകു വിരിക്കുന്ന വികസനം

ഇന്ത്യയിലെ തന്നെ ആദ്യത്തെ ജനകീയ പങ്കാളിത്ത മാതൃകയിൽ വ്യോമഗതാഗതത്തിന്റെ വഴി തിരിച്ചു വിട്ടു. എട്ടു വർഷത്തെ സിവിൽ സർവീസ് മേഖലയിലെ പ്രവൃത്തിപരിചയവുമായി ഏറ്റെടുത്ത സംരംഭം എന്ന് മാതൃകാ സ്ഥാപനമായി. മൂന്നാം തവണയും കൊച്ചിൻ ഇന്റർനാഷണൽ എയർപോർട്ട് (സിയാൽ) മാനേജിങ് ഡയറക്ടറുടെ സ്ഥാനം അലങ്കരിക്കുന്നു.

ജലവിഭവ വകുപ്പിലെ ഈ അഡീഷണൽ ചീഫ് സെക്രട്ടറി മുല്ലപ്പെരിയാർ സംബന്ധിച്ച ഉന്നതതല സമിതിയിൽ കേരളത്തിന്റെ അംഗം കൂടിയാണ്.

**നേട്ടങ്ങളുടെ കരിയർ**

കേരളത്തിൽ ഏറ്റവും കൂടുതൽ റയിൽവേ മേൽപാലങ്ങൾ നിർമ്മിക്കപ്പെട്ടത് ഇദ്ദേഹം റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപറേഷന്റെ ചുമതല വഹിക്കുമ്പോഴായിരുന്നു. സ്പൈസ് ബോർഡ് ചെയർമാനായിരിക്കേ സ്പൈസ് പാർക്ക് എന്ന പദ്ധതി നടപ്പിലാക്കിയതും കുര്യന്റെ പ്രധാന നേട്ടങ്ങളിൽ ഒന്നാണ്.



# 61 ലക്ഷം യാത്രക്കാർ

# പുതിയ റിക്കോർഡുമായി സിയാൽ



കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം അറൈവൽ ടെർമിനൽ

## 23 വിമാനക്കമ്പനികൾ കൊച്ചിയിൽ പ്രവർത്തിക്കുന്നു.

ഇക്കഴിഞ്ഞ വർഷം കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിലൂടെ യാത്ര ചെയ്തത് അറുപത്തിയൊന്ന് ലക്ഷത്തിലധികം പേർ. തുടർച്ചയായി രണ്ടുവർഷം അരക്കോടിയിലേറെ യാത്രക്കാരുമായി സിയാൽ പുതിയ റിക്കോർഡിട്ടു.

ഏറ്റവും പുതിയ കണക്കനുസരിച്ച് 2014-ൽ കൊച്ചി വിമാനത്താവളത്തിലൂടെ യാത്രചെയതത് 61,04,559 പേരാണ്. 2013-ൽ ഇത് 52,91,793 ആയിരുന്നു. 15.36 ശതമാനം വർധനവ്. അരക്കോടിയിലേറെ യാത്രക്കാർ ഉപയോഗിക്കുന്ന കേരളത്തിലെ ഏക വിമാനത്താവളമാണിത്. യാത്രക്കാരുടെ എണ്ണത്തിലും വിമാന സർവീസുകളുടെ എണ്ണത്തിലും മുൻവർഷത്തെ അപേക്ഷിച്ച് വൻ വർധനവാണ് സിയാൽ രേഖപ്പെടുത്തിയിട്ടുള്ളത്. ആഭ്യന്തര യാത്രക്കാരുടെ എണ്ണത്തിലുണ്ടായ പുരോഗതിയും ശ്രദ്ധേയമാണ്. 2013-ൽ 21.06 ലക്ഷം പേരാണ് കൊച്ചി വിമാനത്താവളത്തിലൂടെ ഇന്ത്യയ്ക്കകത്ത് യാത്ര ചെയ്തത്. 2014-ൽ അത് 24.86 ലക്ഷമായി ഉയർന്നു. 18.04 ശതമാനത്തിന്റെ വർധന. ആഭ്യന്തര മേഖലയിലെ വിമാന സർവീസുകളുടെ കാര്യത്തിൽ 15.1 ശതമാനം വർധനവുായി. 26709 വിമാനങ്ങൾ ആഭ്യന്തരമേഖലയിൽ കൊച്ചിയിൽ നിന്ന് സർവീസ് നടത്തി. 2013-ൽ ഇത് 23,205 ആയിരുന്നു. രാജ്യാന്തര യാത്രക്കാരുടെ എണ്ണത്തിലും കാര്യമായ പുരോഗതി സിയാൽ രേഖപ്പെടുത്തിയിട്ടുണ്ട്. 2013-ൽ 31.85 ലക്ഷമായിരുന്നു രാജ്യാന്തര യാത്രക്കാർ. 2014-ൽ അത് 36.18 ലക്ഷമായി ഉയർന്നു. 13.59 ശതമാനം വർധന. ഈ വിഭാഗത്തിൽ വിമാന സർവീസുകളുടെ എണ്ണം 22,728-ൽ നിന്ന് 25,322 ആയി ഉയർന്നു. 11.41 ശതമാനം വർധനവ്.

പരമാവധി കാര്യക്ഷമമായി പ്രവർത്തിച്ചുകൊണ്ട് യാത്രക്കാർക്ക് കുറഞ്ഞ ചെലവിൽ മികച്ച സേവനം ഉറപ്പുവരുത്തുകയാണ് സിയാലിന്റെ ലക്ഷ്യമെന്ന് മാനേജിങ് ഡയറക്ടർ വി.ജെ. കുര്യൻ പറഞ്ഞു. ''രാജ്യത്തിന്റെ മിക്ക സ്ഥലങ്ങളിലേയ്ക്കും കൊച്ചിയിൽ നിന്ന് വിമാനസർവീസുകളുണ്ട്. ഗൾഫ്, മലേഷ്യ, സിംഗപ്പൂർ മേഖലകളിലേയ്ക്കുള്ള സർവീസുകളും കാര്യമായി വർധിക്കുന്നുണ്ട്. ഇന്ത്യയിൽത്തന്നെ ഏറ്റവും കുറച്ച് പാർക്കിങ്, ലാൻഡിങ് ഫീസ് ഈടാക്കുന്ന വിമാനത്താവളങ്ങളിലൊന്നാണിത്. അതിനൊപ്പം യാത്രക്കാർക്ക് നന്നേ കുറഞ്ഞ ചെലവിൽ അന്താരാഷ്ട്ര നിലവാരത്തിലുള്ള സേവനം നൽകാനും സിയാൽ ശ്രദ്ധിക്കുന്നുണ്ട്. ഇതിന്റെയൊക്കെ ഫലമായാണ് സിയാലിന്റെ ട്രാഫിക്കിൽ ഓരോ വർഷവും വലിയ പുരോഗതി രേഖപ്പെടുത്തുന്നത്''. വി.ജെ.കുര്യൻ പറഞ്ഞു. പുതിയ അന്താരാഷ്ട്ര ടെർമിനൽ പൂർത്തിയാകുന്നതോടെ യാത്രക്കാർക്ക് കൂടുതൽ സർവീസുകളെ ആകർഷിക്കാൻ കഴിയുമെന്നും യാത്രക്കാരുടെ എണ്ണത്തിൽ ഇനിയും പുരോഗതിയുണ്ടാകുമെന്നും എയർപോർട്ട് ഡയറക്ടർ എ.സി.കെ.നായർ പറഞ്ഞു.

23 വിമാനക്കമ്പനികൾ കൊച്ചിയിൽ പ്രവർത്തിക്കുന്നു. നിലവിലുള്ള ശൈത്യകാല സമയപ്പട്ടികയനുസരിച്ച് കൊച്ചിയിൽ ആഴ്ചയിൽ 1078 വിമാനങ്ങളാണ് സർവീസ് നടത്തുന്നത്. രാജ്യാന്തര മേഖലയിൽ ആഴ്ചയിൽ 479 ഉം ആഭ്യന്തര മേഖലയിൽ 599 ഉം. ബാംഗ്ലൂരിലേയ്ക്ക് മാത്രം ആഴ്ചയിൽ 89 വിമാനങ്ങൾ കൊച്ചിയിൽ നിന്ന് പറക്കുന്നു. ദുബായിയാണ് രാജ്യാന്തര യാത്രാ കേന്ദ്രങ്ങളിൽ മുന്നിൽ. ആഴ്ചയിൽ 45 സർവീസുകളാണ് കൊച്ചിയിൽ നിന്ന് ദുബായിലേയ്ക്ക് പറക്കുന്നത്.





1



2



3

1. 2014 ഡിസംബർ 19ന് സിയാലിൽ വച്ചു നടന്ന ഡയറക്ടർ ബോർഡ് യോഗത്തിനുശേഷം മുഖ്യമന്ത്രി ഉമ്മൻചാണ്ടി മാധ്യമപ്രവർത്തകരോട് സംസാരിക്കുന്നു. മന്ത്രിമാരായ കെ ബാബു, പി. കെ. കുഞ്ഞാലിക്കുട്ടി എന്നിവർ സമീപം

2. പുതിയ ടെർമിനലിന്റെ ഏപ്രൺ നിർമ്മാണ്ത്തിന് തുടക്കം കുറച്ചുകൊണ്ട് നടന്ന പൂജയിൽ എക്സിക്യൂട്ടീവ് ഡയറക്ടർ എ. എം ഷബീർ നാളികേരം ഉടയ്ക്കുന്നു.

3. പൂജയിൽ ചീഫ് ഫിനാൻഷ്യൽ ഓഫീസർ സുനിൽ ചാക്കോ നാളികേരമുടയ്ക്കുന്നു.

# അപകട വസ്തുക്കളെക്കുറിച്ച് സിയാൽ സെമിനാർ നടത്തി

അപകടകരമായ വസ്തുക്കൾ കൈകാര്യം ചെയ്യുമ്പോൾ പാലിക്കേണ്ട സുരക്ഷാ മുൻകരുതലുകളെക്കുറിച്ച് തപാൽ വകുപ്പ് ജീവനക്കാർക്കായി കൊച്ചിൻ ഇന്റർനാഷണൽ എയർപോട്ട് സെമിനാർ സംഘടിപ്പിച്ചു. എയർഗോ പിശീലന രംഗത്തെ കൺസൾട്ടിങ് സ്ഥാപനമായ ടിർവിൻ മാനേജ്മെന്റ് സർവീസസുമായി സഹകരിച്ചാണ് സിയാൽ സെമിനാർ സംഘടിപ്പിച്ചത്.

കാർഗോ ഉൾപ്പെടെയുള്ള എല്ലാ ചരക്കുകളും കൈകാര്യം ചെയ്യുന്ന വിവിധ ഏജൻസികൾക്കും വ്യാപാര സ്ഥാപനങ്ങൾക്കുമായി സിയാൽ നടത്തി വരുന്ന ബോധവൽക്കരണ പരിപാടിയുടെ ഭാഗമായാണ് ഇപ്പോൾ തപാൽ ജീവനക്കാർക്ക് സെമിനാർ നടത്തുന്നതെന്ന് സിയാൽ കാർഗോ അസിസ്റ്റന്റ് ജനറൽ മാനേജർ ശ്രീ. പോൾ കൊച്ചേരിൽ പറഞ്ഞു. സിവിൽ ഏവിയേഷൻ മേഖലയിലെ സുരക്ഷയെക്കുറിച്ച് സിയാൽ ചീഫ് സെക്യൂരിറ്റി ഓഫീസർ പി. ഗൗരി ശങ്കർ സംസാരിച്ചു. അന്താരാഷ്ട്ര ഏവിയേഷൻ സമിതി (ഐകാവോ), യൂണിവേഴ്സൽ പോസ്റ്റൽ യൂണിയൻ എന്നിവയുടെ നിർദേശങ്ങളെക്കുറിച്ച് ടിർവിൻ ചീഫ് ഓപ്പറേറ്റിങ് ഓഫീസർ ശ്രീ. ബാഷ്യം ഗോവിന്ദരാജൻ ക്ലാസെടുത്തു. സിയാൽ കാർഗോ മാനേജർ ബിലു വർഗീസ്, പോസ്റ്റൽ സർവീസ് ഹെഡ് റിക്കോർഡ് ഓഫീസർ ശ്രീ. കെ. കെ മുരളീധരൻ തുടങ്ങിയവർ പങ്കെടുത്തു.



*സെമിനാറിൽ സിയാൽ കാർഗോ അസിസ്റ്റന്റ് ജനറൽ മാനേജർ പോൾ കൊച്ചേരിൽ സംസാരിക്കുന്നു*




# Indian automobile industry



**അനീഷ് ബാബു**
ഡെപ്യൂട്ടി മാനേജർ
(ഇലക്ട്രിക്കൽ)

**2014** കഴിഞ്ഞതേയുള്ളൂ. പക്ഷെ 2015-ൽ പുറത്തിറങ്ങുന്ന കാറുകളുടെ നീണ്ട നിര ഇപ്പോൾ തന്നെ ആയിട്ടുണ്ട്. ഇന്ത്യയിലെ വാഹന വ്യവസായം ഏറെ സങ്കീർണ്ണമാണ്. ദിനം പ്രതി മാറിക്കൊണ്ടിരിക്കുന്ന ഈ വ്യവസായത്തിന് പല തലങ്ങൾ ഉണ്ട്. കാലം പുരോഗമിച്ചു കൊണ്ടിരിക്കുന്നു. സാങ്കേതിക രംഗം അനുദിനം പുതിയ ഉയരങ്ങൾ കീഴടക്കിക്കൊണ്ടിരിക്കയാണ്. അതിനുസരച്ച് വിപണിയുടെ ആവശ്യങ്ങളും വിപുലമായിക്കൊണ്ടിരിക്കയാണ്. വാഹനമേഖലയിലും ഈ മുന്നേറ്റം പ്രകാരമാണ്.

ആളുകൾ സെഡാനു പകരം ഹാച്ബാക് കാറുകൾ തിരഞ്ഞെടുക്കുന്ന കാലമാണിത്. ഇന്ത്യയിലെ വാഹന വിപണിയിൽ വലിയൊരു ഭാഗം ഹാച്ച്ബാക് കാറുകൾക്കുള്ളതാണ്. ഏറെ മത്സരമുള്ള ഈ വിഭാഗത്തിൽ അടുത്ത വർഷം ഫിയറ്റ് മാരുതി ഫോക്സ് വാഗൻ തുടങ്ങിയ പ്രമുഖ ബ്രാന്റുകൾ കൂടി എത്തും. മൂന്ന് ലക്ഷം മുതൽ മുപ്പതു ലക്ഷം വരെ വിലയുള്ളവയാണ് ഈ ശ്രേണി എന്നതാണ് ഇതിന്റെ ഏറ്റവും വലിയ ആകർഷണം. പുതിയ കാറ് വാങ്ങാൻ ഉദ്ദേശിക്കുവർ അല്പം കൂടി കത്തിരിക്കുന്നതാവും നല്ലത്. താഴെ കാണുന്ന ഹാച്ബാക്കുകളുടെ വിവരണങ്ങൾ നോക്കി ഏറ്റവും അനുയോജ്യമായത് തിരഞ്ഞെടുക്കാം.

## Honda Jazz

2014 ഡെട്രോയിറ്റ് ഓട്ടോ ഷോയിലാണ് ഇത് ആദ്യമായി പ്രദർശിപ്പിച്ചത്. 2015 ആദ്യത്തിൽ തന്നെ ഇത് ഇന്ത്യയിൽ എത്താനാണ് സാധ്യത. ജാസിന്റെ മുമ്പത്തെ മോഡൽ ധാരാളം സ്ഥല സൗകര്യം, ചന്തമുള്ള പുറം മോഡിയും മികച്ച ഡ്രൈവിംഗ് ഡൈനാമിക്സും കൊണ്ട് സമ്പന്നമായിരുന്നു. എങ്കിലും വില ഇതേ ശ്രേണിയിലുള്ള മറ്റുള്ളവയെക്കാൾ കൂടുതലായിരുന്നു. അത് കാരണം ഇന്ത്യൻ വിപണിയിൽ ചലനവും ഉണ്ടാക്കാൻ കഴിഞ്ഞില്ല. തുടർന്ന് ഹോണ്ട ജാസ് പിൻവലിക്കുകയായിരുന്നു.

മുമ്പൊക്കെ മോഡലിനെക്കാൾ 40എംഎം കുറവാണു ഇതിന്റെ പൊക്കം.എങ്കിലും 30.48 എം എം കൂടുതൽനീളമുള്ള വീൽ ബേസ് ബേസ്, പുറകിലെ 121.98 എം എം കൂടുതൽ ലെഗ് സ്പേസ്, 138.7 ലിറ്റർ കൂടുതൽ ബൂട്ട് സ്പേസ് ( പുറകിലെ സീറ്റ് മടക്കി വെച്ചാൽ ഇത് 1,492 ലിറ്റർ ഉണ്ടവും) എന്നീ ഘടകങ്ങൾ ഇതിനെ കൂടുതൽ മെച്ചപ്പെട്ടതാക്കുന്നു. ഐ 20, പോളോ എന്നീ മോഡലുകളുമായി മത്സരിക്കാൻ പാകത്തിൽ ഹോണ്ട ഈ ഹാച് ബാക്കിന്റെ പെട്രാൾ ഡീസൽ മോഡലുകൾക്ക് വിലകുറയും എന്ന് പ്രതീക്ഷിക്കാം. ഡീസൽ എഞ്ചിൻ ഉൾപ്പെടുത്തുകയാണെങ്കിൽ ഹ്യുണ്ടായിയെ ഒന്നാം സ്ഥാനത്ത് നിന്ന് മാറ്റാൻ ജാസിനു കഴിയും.

പ്രതീക്ഷിക്കുന്ന ലോഞ്ച് : ഫെബ്രുവരി 2015

ഉദ്ദേശ വില : രൂ 7.60 ലക്ഷം

മത്സരരംഗത്ത്: ഫോക്സ് വാഗൻ പോളോ, ഫിയറ്റ് പുൻടോ എവെ, ഹ്യുണ്ടായ് ഐ 20

## Tata Bolt

വാഹന മേഖല ഉൾപ്പെടെ സമൂഹത്തിന്റെ സമസ്ത മേഖലകളിലും ടാറ്റാ സ്വാധീനം ചെലുത്തിയിട്ടുണ്ട്. ഈ കമ്പനിയുടെ ഹാച്ബാക്ക് മോഡൽ ആണ്ബോൾട്ട്.
ഇതിനു ഏറ്റവും നവീനമായ രൂപ കല്പനയാണ് നൽകിയിട്ടുള്ളത്.
കൂടുതൽ വിലമതിക്കുന്ന മോഡൽ




ആയിട്ടാണ് ടാറ്റാ ഇതിനെ കാണുന്നത്. കൂടിയ വിലയോടൊപ്പം നവീകരിച്ച ഡിസൈൻ കൂടിയാവുമ്പോൾ ഇൻഡിക്ക ഉണ്ടാക്കിയ വാണിജ്യ ആവശ്യങ്ങൾക്കുള്ള വാഹനം എന്ന ലേബലിൽ നിന്ന് ബോൾട്ടിന് പുറത്തു ചാടാൻ ആവും. കണക്റ്റ് നെക്സ്റ്റ്, ഡ്രൈവ് നെക്സ്റ്റ്, ഡിസൈൻ നെക്സ്റ്റ് എന്ന തനതു ഡിസൈൻ രീതിയിൽ വികസിപ്പിച്ചെടുത്ത പുതിയ ബോൾട്ട് നവീകരിച്ച ഡിസൈനും കൂടുതൽ മെച്ചപ്പെട്ട ഘടകങ്ങളും കൊണ്ട് സമ്പന്നമാണ്. സുസുകി സ്വിഫ്റ്റ്, ഹ്യുണ്ടായ് ഐ 10 എന്നിവയും ആയിട്ടാണ് ബോൾട്ട് മത്സരിക്കുക.

ഉദ്ദേശവില : രൂ 4.2 ലക്ഷം മുതൽ 6.60 ലക്ഷം വരെ

മത്സരരംഗത്ത്: മാരുതി സുസുകി സ്വിഫ്റ്റ്, ഹ്യുണ്ടായ് ഐ 20, ഫോഡ്, ഫിഗോ.

## Mitsubishi Mirage

ജപ്പാൻ കാർ നിർമ്മാതാക്കളായ മിറ്റ്സുബിഷി മൂന്ന് കാറുകളുമായി ഇന്ത്യൻ വിപണിയിൽ എത്തുന്നു. ആദ്യത്തേത് ഒരു മിറാഷ് ഹാച്ച് ബാക്ക് ആണ്. മിറ്റ്സുബിഷിയുടെ എല്ലാ കാറുകളും പോലെത്തന്നെ മിറാഷും ഡ്രൈവറെ മുന്നിൽ കണ്ട് ഡിസൈൻ ചെയ്തതാണ്. അത് കൊണ്ട് ഈ ശ്രേണിയിലെ മറ്റു കാറുകളോട് കിടപിടിക്കുന്ന കാഴ്ച ഭംഗി ഉണ്ടാവില്ല.



പക്ഷെ ഡ്രൈവിംഗ് ഡൈനാമിക്സിന്റെ കാര്യത്തിൽ സമാനതകളില്ലാത്ത മെച്ചമുള്ളതായിരിക്കും മിറാഷ് എന്ന് പ്രതീക്ഷിക്കാം. ഇപ്പോഴത്തെ മോഡൽ പോകുന്ന മിറാഷിൽ അകത്തും പുറത്തുമായി കുറച്ചു മാറ്റങ്ങൾ ഉണ്ട്. അത് കൊണ്ട് ഇന്ത്യയിൽ ഇറക്കാൻ പോകുന്ന മിറാഷിൽ അകത്തും പുറത്തുമായി കുറച്ചു മാറ്റങ്ങൾ വരുത്തിയിട്ടുണ്ടാവും എന്ന് കരുതാം.
പ്രതീക്ഷിക്കുന്ന ലോഞ്ച്: 2015 ന്റെ രണ്ടാം പാദം
ഉദ്ദേശവില: രൂ 6.8 ലക്ഷം
മത്സര രംഗത്ത്: ഹ്യുണ്ടായ് ഐ 10, സുസുകി സ്വിഫ്റ്റ്, ഹ്യുണ്ടായ് ഐ 20 ഹോണ്ട ജാസ്

യു വി ഗണത്തിൽപെട്ട മികച്ച 45 കാറുകളുടെ അരങ്ങേറ്റം 2015 ൽ ഉണ്ടാവും വലിയ വിലയില്ലാത്ത കുറഞ്ഞ പെട്രോൾ ഉപയോഗമുള്ള വാഹനങ്ങളാണ് ഇന്ത്യക്കാർക്ക് പ്രിയം എന്നത് ശരിതന്നെ. പക്ഷെ ഇന്ന് സുഖം, സുരക്ഷ, പ്രവർത്തന ക്ഷമത എന്നീ കാര്യങ്ങൾക്കു കൂടി പ്രാധാന്യം കൈവന്നിട്ടുണ്ട്. ഇപ്പറഞ്ഞ കാരണങ്ങളാണു ഇന്ന് യു വി ഗണത്തിൽപ്പെടുന്ന കാറുകളുടെ വിപണി വിപുലമാക്കന്നത്. യു വി കാറുകളിൽ കൂടുതൽ സ്ഥല ലഭ്യത ഉണ്ട്. കൂടുതൽ ആളുകൾക്ക് ഒരേ സമയം യാത്ര ചെയ്യാൻ പറ്റും. ശക്തമായ ബോഡിയും പരുക്കനായ രൂപ കല്പനയും അതിനെ ഇന്ത്യൻ റോഡുകൾക്ക് അനുയോജ്യമാക്കുന്നു. മിക്കതിനും ഡീസൽ ആണ് ഇന്ധനം എന്നത് യു വികളുടെ ആകർഷണീയത വർദ്ധിപ്പിക്കുന്നു. ഡസ്റ്റർ, എർറ്റിഗ, ഇകോസ്പോർട്ട്, മൊബിലിയോ തുടങ്ങിയ മോഡലുകളുടെ വരവും ഇതിനു ആക്കം കൂട്ടിയിട്ടുണ്ട്. ഇവല്ലൊം തന്നെ ചെറിയ കാറുകളുടെ പ്ലാറ്റ്ഫോം ഉപയോഗിക്കുന്നു. ആധുനികമായ മോണോ കോക്ക് ചാസെ കൊണ്ടാണ് അവ വികസിപ്പിച്ചിരിക്കുന്നത്. ഇത് കാരണം അവ ഭാരം കുറഞ്ഞതും പെട്ടെന്ന് നിയന്ത്രിക്കാൻ പറ്റുന്നതും ആകുന്നു. സാങ്കേതിക വളർച്ചയ്ക്ക് അനുസരിച്ച് യു വികൾ കൂടുതൽ ഇന്ധന ക്ഷമവും വിശ്വസ്തവും സുരക്ഷിതവും സൗകര്യപ്രദവും ആയി മാറി. സമീപഭാവിയിൽ ഇറങ്ങാൻ പോകുന്ന ചില മോഡലുകൾ താഴെ

യുവി ഗണത്തിൽ ഇന്ത്യയിൽ ഏറ്റവും അധികം വിൽക്കപ്പെടുന്ന വാഹനമാണ് ബോലേറോ. ആഭ്യന്തര ഉൽ



Next Gen Mahindra Bolero

## Next Gen Mahindra Bolero

പ്പാദകരായ മഹീന്ദ്രബോരോയുടെ 10000 ത്തോളം യുണിറ്റുകളാണ് പ്രതിമാസം വിൽക്കുന്നത്. ബോലെറോയുടെ കെട്ടിലും മട്ടിലും ഏറെ മാറ്റങ്ങൾ വരുത്തേണ്ട സമയമായി. ഒളിദൃശ്യങ്ങൾ സൂചിപ്പക്കുന്നത് പുതി യ ബോലേറൊയിൽ കാര്യമായമാറ്റങ്ങൾ ഉണ്ടാവും എന്നു തന്നെയാണ്. നിലവിലുള്ള മോഡലിൽ നിന്നു വ്യത്യസ്തമായിരിക്കും വരാനിരിക്കുന്നത്.

പുതിയ സ്കോർപിയോ പോലെ പതിയ ബോലേറൊയും പണിയുന്നത് ഹൈഡ്രോഫോമഡ് ലാടെർ ഫ്രേയിം ചാസ്സിയിലാണ്. എങ്കിലും, അതിലെ എഞ്ചിൻ പുതിയ 1.5/1.6 ലിറ്റർ ഡീസൽ എഞ്ചിൻ ആയിരിക്കും. അതിന്റെ ഇൻറ്റീരിയർ കൂടുതൽ മോടിയോടെ ആധുനികമായിരിക്കും. ഡാഷ് ബോർഡ് കാറുകളുടെ പോലെയാവും.

പ്രതീക്ഷിക്കുന്ന ലോഞ്ച്: 2015 ന്റെ അവസാനം

ഉദ്ദേശവില: നിലവിലെ ബോലേറൊ പോലെ രൂ 6 – 8 ലക്ഷം

## Datsun GO+

ഡാട്സൺ ഇന്ത്യയിൽ അവരുടെ രണ്ടാമത്തെ ഉഹാരമായി ഡാട്സൺ ഗോ + അവതരിപ്പിക്കും. ജപ്പാനിലെ നിസ്സാൻ കമ്പനിയുടെ അനുബന്ധ ബ്രാൻഡ് ആണ് ഡാട്സൺ. വിപണിയിൽ വില മത്സരം നേരിടുവാൻ വേണ്ടി രൂപീകരിച്ച ബ്രാന്റാണ് ഇത്.



അത് കൊണ്ട് തന്നെ നമുക്ക് വിലയുടെ കാര്യത്തിൽ ചില വിട്ടുവീഴ്ചകൾ പ്രതീക്ഷിക്കാം. 7 പേർക്ക് ഇരിക്കാവുന്ന എം പി വി യാണ് ഗോ + . അതിനു 1.2 ലിറ്റർ പെട്രോൾ എഞ്ചിൻ ആയിരിക്കുമെന്നാണ് പൊതുവേ വിശ്വസിക്കുന്നത് എങ്കിലും, ഡസ്റ്റെരിന്റെ 1.5 കെ 9 കെ എഞ്ചിൻ ലഭിക്കുവാനുള്ളസാധ്യതയും ഉണ്ട്. നേരത്തെ 2014 ഒക്ടോബറിലാണ് ലോഞ്ച് പ്രതീക്ഷിച്ചിരിന്നത് എങ്കിലും അത് 2015 ലേക്ക് നീട്ടുകയായിരുന്നു.

പ്രതീക്ഷിക്കുന്ന ലോഞ്ച്: ജനുവരി – ഫെബ്രുവരി 2015

ഉദ്ദേശി വില: രൂ 5–6 ലക്ഷം

ഇന്ത്യൻ വിപണിയിൽ ഓട്ടോ

## Maruti Suzuki S-Cross

എക്സ്പോയിൽ അവതരിപ്പിച്ച S ക്രോസ് അടുത്ത് തന്നെ ഇന്ത്യൻ വിപണിയിൽ എത്തും. സുസുകിയുടെ S X 4 ഹാച്ച്ബാക്ക് അടിസ്ഥാനമാക്കിയ ക്രോസ് ഓവർ പതിപ്പാണ് S ക്രോസ്സ്. ഇതുവരെ യുറോപ്പിയൻ രാജ്യങ്ങളിൽ മാത്രമായിരുന്നു S ക്രോസ്ന്റെ വിൽപ്പന. യുറോപ്പിൽ



1.6 ലിറ്റർ പെട്രോൾ ഡീസൽ എഞ്ചിനുകളുമായി ലഭ്യമാവുന്ന S ക്രോസ് ഇന്ത്യയിലും അത് പോലെ തന്നെ ലഭ്യമാകും എന്നാണ് പ്രതീക്ഷ. എങ്കിലും സിയാസ് എർറ്റിഗ എന്നിവയിൽ ഉപയോഗത്തിൽ ഉള്ള 1.4 ലിറ്റർ കെ സീരിസ് പെട്രോൾ എഞ്ചിനും 1.3 മൾട്ടി ജെറ്റ് ഡീസൽ എഞ്ചിനും ആയിരിക്കാനും സാധ്യതയുണ്ട്. ഇന്ത്യൻ സാഹചര്യങ്ങൾക്ക് അനസരിച്ചുള്ള ഡ്രൈവിംഗ് ഡയനാമിക്സും നവീകരിച്ച ഇന്റീരിയറും ആയിരിക്കും ഉണ്ടാവുക. ഈ മാറ്റങ്ങൾ എല്ലാം ഉൾപ്പെടുത്തിയ S ക്രോസ്സിന്റെ വില ഏകദേശം റെനാൽറ്റ് ഡസ്റ്ററിന്റെ വിലയോളം വരും. സിയാസിന്റെ മുകളിലായിരിക്കും ഇതിന്റെ സ്ഥാനം.

പ്രതീക്ഷിക്കുന്ന ലോഞ്ച്: 2015 ആദ്യം

ഉദ്ദേശവില; രൂ 10 ലക്ഷം

**സാങ്കേതിക രംഗം അനുദിനം പുതിയ ഉയരങ്ങൾ കീഴടക്കിക്കൊണ്ടിരിക്കയാണ്. അതിനുസരിച്ച് വിപണിയുടെ ആവശ്യങ്ങളും വിപുലമായിക്കൊണ്ടിരിക്കയാണ്. വാഹന മേഖലയിലും ഈ മുന്നേറ്റം പ്രകടമാണ്.**

## Hyundai iX25

ഹ്യുണ്ടായ് എന്ന ദക്ഷിണ കൊറിയൻ നിർമ്മാതാവിനു നിലവിൽ ഇന്ത്യൻ വിപണിയിൽ ശക്തമായ സാന്നിദ്ധ്യം ഉണ്ട്. അതിനു കൂടുതൽ കരുത്തേകാനും വികസിക്കുന്ന യുവി വിപണിയിൽ തങ്ങളുടെ സാന്നിദ്ധ്യം ഉറപ്പാക്കുന്നതിനും വേണ്ടി ഒരു കോംപാക്റ്റ് SUV യുമായി രംഗത്തെത്തുന്നു. ഹ്യുണ്ടായ് iX25 ഈ ആവശ്യം നിറവേറ്റും എന്നാണ് കരുതപ്പെടുന്നത്. ഇതിന്റെ പ്രൊഡക്ഷൻ മോഡൽ എന്ന് വിശേഷിപ്പിക്കാവുന്ന ഒരു ബേബി SUV ബീജിംഗ് മോട്ടോർ ഷോവിൽ അവതരിപ്പിക്കുകയുണ്ടായി. അത് തന്നെയായിരിക്കും 2015 മദ്ധ്യത്തിൽ ഇന്ത്യയിൽ അവതരിപ്പിക്കുന്നത്. ഇതിന്റെ സാങ്കേതിക വിശേഷണങ്ങൾ സംബന്ധിച്ച് ഔദ്യോഗിക കുറിപ്പ് ഒന്നു ഇല്ല. എങ്കിലും വെർനയുടെ അടിസ്ഥന മോഡലിൽ ലഭ്യമായ 1.4 ലിറ്റർ പെട്രോൾ ഡീസൽ എഞ്ചിൻ തന്നെയായിരിക്കും ഇതിൽ എന്ന് കരുതുന്നു. ഹ്യുണ്ടായ് സൗന്ദര്യ ശാസ്ത്രത്തിന്റെ മികവും മൃദുവായ അകവും ഉൾകൊള്ളുന്ന സ്പ്ന കാർ തന്നെയായിരിക്കും പലർക്കും ഇത്.

പ്രതീക്ഷിക്കുന്ന ലോഞ്ച്: 2015 പകുതി

ഉദ്ദേശ വില: രൂ 10 ലക്ഷം









ഷിബു ജെ എസ്
സൂപ്പർവൈസർ (ഇലക്ട്രിക്കൽ)

# പരിമിതികളിൽ വികസിച്ച ഇൻസിനറേറ്റർ

**മാലിന്യ സംസ്ക്കരണത്തിന് സ്വന്തമായി ഇൻസിനറേറ്റർ വികസിപ്പിച്ചെടുത്ത കഥ**

സ്ഥലപരിമിതിയിൽ താമസിക്കേണ്ടിവന്ന എനിക്ക് വീട്ടിലെ മാലിന്യം റോഡ് സൈഡിൽ കത്തിക്കാനേ സാഹചര്യം ഉണ്ടായിരുന്നുള്ളൂ. ആ സമയം അതുവഴി കടന്നുപോകുന്ന പലർക്കും ആ പുക അസ്വസ്ഥതകൾ ഉണ്ടാക്കുന്നതായി അവരുടെ ശരീരഭാഷവഴി എനിക്ക് ബോധ്യപ്പെട്ടു. എന്നാൽ സൗഹൃദം കാരണം ആരും അരുത് എന്ന് പറയാൻ മുതിർന്നില്ല. അത് എന്റെ മനസ്സിൽ വല്ലാത്ത കുറ്റബോധം ഉണ്ടാക്കി. കൂടാതെ അപകടം ഉണ്ടാകാതിരിക്കാൻ അവസാന വേസ്റ്റും കത്തിത്തീരുവോളം ഞാൻ ഹോസുമായി കാവൽ നിന്നിരുന്നു. ഒടുവിൽ അതിനു പരിഹാരം കണ്ടെത്താൻ ഞാൻ പരിശ്രമിച്ചു. അങ്ങനെ ഇൻസിനേറ്റർ എന്ന ഉപകരണത്തെകുറിച്ച് കേട്ടറിഞ്ഞു. പല സ്ഥലത്തും അന്വേഷിച്ച്, ഒടുവിൽ ഇൻസിനറേറ്റർ നിർമ്മിക്കുന്ന ഒരു സ്ഥാപനം കണ്ടെത്തി. ആ സ്ഥാപനത്തിലെ മാനേജറുമായി സംസാരിച്ചു. അദ്ദേഹം പറഞ്ഞു 'ഞങ്ങൾ വലിയ ഇൻസിനറേറ്റർ മാത്രമേ നിർമ്മിക്കുന്നുള്ളൂ. ഗുജറാത്തിൽ നിന്നും വാങ്ങുന്ന ചെറിയ ഉപകരണത്തിന് 40,000 രൂപ വരും. ഇത് എന്നെ വല്ലാതെ നിരാശപ്പെടുത്തി. ഇത്രയും തുക ഇതിനു വേണ്ടി ചെലവഴിക്കാനുള്ള സാഹചര്യം എനിക്കില്ലായിരുന്നു.

വീട്ടിൽ തിരിച്ചെത്തിയ ഞാൻ ഇതിനെ കുറിച്ച് പഠിക്കാനും അറിയാനും ശ്രമിച്ചു. അങ്ങനെ അതിന്റെ സാങ്കേതിക വിദ്യ ഞാൻ കണ്ടെത്തി.വളരെ നാളത്തെ കഠിന പരിശ്രമത്തിലൂടെ വിജയം കണ്ടെത്തി. 100% പ്രർത്തനക്ഷമതയുള്ള ഒരു ഇൻസിനറേറ്റർ പരസഹായമില്ലാതെ വികസിപ്പിച്ചെടുത്തു.

ഞാൻ രൂപകൽപ്പന ചെയ്ത ഇൻസിനറേറ്റർ വീട്ടിൽ സ്ഥാപിച്ചു. ആദ്യമായി ഈ സംവിധാനം കാണുന്ന പലരും എന്നെ അഭിനന്ദിച്ചു. പലരും ഇതു നിർമ്മിച്ചു തരുമോ എന്നു ചോദിച്ചു. എന്റെ മതിൽക്കെട്ടിനുള്ളിൽ മാത്രം ഒതുങ്ങിപോകുമായിരുന്ന എന്റെ കണ്ടെത്തൽ പുറം ലോകത്തേക്ക് കൊണ്ടുവരാൻ കാരണമായത് ഡിപ്പാർട്ട്മെന്റിലെ ഡി ജി എം അജിത് കുമാർ സാറാണ്. ഇന്ന് സിയാലിലെ പലരുടെയും വീടുകളിൽ ഞാൻ രൂപകൽപ്പന ചെയ്ത ഇൻസിനറേറ്റർ സ്ഥാനം പിടിച്ചു. തുടർന്ന് മാനേജിങ് ഡയറക്ടറെ കാണാനും എനിക്ക് അവസരം ഉണ്ടായി. ചെയ്തത് നല്ല കാര്യമാണ് എന്ന എം ഡിയുടെ വാക്കുകൾ ഇന്നോളം എനിക്ക് ലഭിച്ചിട്ടുള്ള ഏറ്റവും അമൂല്യമായ ബഹുമതിയായി ഹൃദയത്തിൽ സൂക്ഷിക്കുന്നു.

ഇൻസിനറേറ്റർ എന്ന യാഥാർത്ഥ്യം

1. പരിസരം മലിനമാക്കുന്നു പാഴ്വസ്തുക്കൾ സുരക്ഷിതമായി കത്തിച്ച് നിർമ്മാർജനം ചെയ്യാൻ ഉപയോഗിക്കുന്ന ഒരു സാങ്കേതിക വിദ്യയാണ് ഇൻസിനറേറ്റർ.
2. ഈ ഉപകരണം പ്രവർത്തിപ്പിക്കുന്നതിന് ഇന്ധനം ആവശ്യമില്ല.
3. ഇത് പോർട്ടബിൾ ആണ്. അത്യാവശ്യ സാഹചര്യങ്ങളിൽ വിദഗ്ദ്ധരായ ടെക്നീഷ്യന്റെ സഹായത്തോടെ ചുരുങ്ങിയ ചിലവിൽ എവിടേക്ക് വേണമെങ്കിലും മാറ്റി സ്ഥാപിക്കാം.
4. ഇൻസ്റ്റാൾ ചെയ്യാൻ വെറും 50 X 50 ചതുരശ്ര സെന്റീമീറ്റർ ഏരിയ മതി.
5. ഇൻസ്റ്റാൾ ചെയ്യാൻ നാല് മണിക്കൂർ സമയം മാത്രമേ ആവശ്യമുള്ളൂ.
6. ബാൽക്കണി. റൂഫ്ടോപ്പ്, ഗാർഡൻ മുൻവശത്തോ, പിൻവശത്തോ എവിടെ വേണമെങ്കിലും ചുരുങ്ങിയ സ്ഥലത്ത് ഭംഗിയോ ടെയും അഭിമാനത്തോടെയും സ്ഥാപിക്കാം.
7. ഇത് ഉപയോഗിച്ച് നാപ്കിൻസ്, ഡൈപ്പർ സ്നഗി, പഴയചെരുപ്പ്, ബാഗ്, പേപ്പർ, ഉപയോഗ ശൂന്യമായ തുണികൾ കത്തുന്ന എല്ലാ മാലിന്യങ്ങളും സംസ്ക്കരിക്കാം.
8. ഇതിൽ നിന്നും ഉണ്ടാവുന്ന പുക 14 അടിഉയരത്തിലേക്ക് ( ശ്വസന മേഖലയ്ക്ക്മുകളിലേക്ക്) എക്സ്ഹോസ്റ്റ് പൈപ്പ് വഴി പുറം തള്ളുന്നു.
9. ഇത് ഒരു enclosed doom ആയതിനാൽ തീ കാറ്റിൽ പറന്ന് ഉണ്ടാക്കുന്ന അപകടങ്ങൾ തടയാൻ സാധിക്കുന്നു.
10 ഇത് കൃഷി സ്ഥലത്തെ മലിനമാക്കുന്ന വലിയ അളവ് മാലിന്യത്തെ ചെറിയൊരളവിലുള്ള ചാരമാക്കി മാറ്റുന്നു.
11 ജനവാസസ്ഥലത്ത് മാലിന്യം കത്തിക്കുമ്പോൾ ഉണ്ടാകുന്ന പുക കാരണമായേക്കാവുന്ന ആസ്ത്മ, ശ്വാസകോശ സംബന്ധമായ രോഗങ്ങൾ, ത്വക്ക് രോഗങ്ങൾ എന്നിവയിൽ നിന്നും സംരക്ഷിക്കുന്നു.
12. മാലിന്യം അതിന്റെ ഉറവിടമായ നമ്മുടെ സ്വന്തം വീട്ടിൽ അഭിമാനത്തോടെ സംസ്ക്കരിക്കാൻ സാധിക്കുന്നു.

*കൂടുതൽ വിവരങ്ങൾക്ക്:-9946024632*



## എ.സി.കെ. നായർ
ഐ.ഐ.ഇ ഫെലൊ മെമ്പർ

ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് ഇൻജിനിയേഴ്സ് ഇന്ത്യയുടെ ഫെലോ മെമ്പറായി കൊച്ചി വിമാനത്താവള ഡയറക്ടർ ശ്രീ.എ.സി. കെ.നായർ തിരഞ്ഞെടുക്കപ്പെട്ടു.

ഇന്ത്യയിലെ പ്രൊഫഷണൽ ഇൻജിനീയർമാരുടെ ദേശീയ സമിതിയാണ് ഇൻസ്റ്റിറ്റ്യൂഷൻ ഓഫ് ഇൻജിനീയേഴ്സ്.

ആഗോളാടിസ്ഥാനത്തിൽ അംഗീകാരമുള്ള ഈ സംഘടനയിൽ അറ് ലക്ഷത്തോളം അംഗങ്ങളുണ്ട്. ഈ അംഗങ്ങളിൽ സർക്കാർ, സർക്കാർ ഇതര സ്ഥാപനങ്ങളിൽ ഉയർന്ന സ്ഥാനം വഹിക്കുന്നവർക്കാണ് ഫെലോ മെമ്പർഷിപ് നൽകുക.

എയർപോർട്ട് ഡയറക്ടർക്ക് സമാനമായ തസ്തികയിൽ കുറഞ്ഞത് എട്ടുവർഷം സേവനം അനുഷ്ഠിക്കുന്നവർക്കും നിശ്ചിത അക്കാദമിക യോഗ്യത നേടി 20 വർഷം കഴിഞ്ഞവരുമാണ് ഫെലോ മെമ്പറാകാനുള്ള അർഹതയുള്ളത്.

വിമാനത്താവള കമ്പനികളുടെ അന്താരാഷ്ട്ര സംഘടനയായ എയർപോ ർട്ട് കൗൺസിൽ ഇന്റർനാഷണലിന്റെ ഡയറക്ടറായും ശ്രീ.എ.സി.കെ.നായർ തിരഞ്ഞെടുക്കപ്പെട്ടിരുന്നു. 2004 മുതൽ ശ്രീ.എ.സി. കെ നായർ കൊച്ചി വിമാനത്താവള ഡയറക്ടറായി പ്രവർത്തിച്ചുവരുന്നു.

## ചിത്രം





മുഹമ്മദ് അഫ്സൽ
എൽ.കെ.ജി.
(S/o. റഷീദ കെ.കെ
എച്ച്.ആർ. വിഭാഗം)

## ജന്മദിനം




ക്രിസ്റ്റോസ് ജോബ്
(S/o. ജോബ് വർഗ്ഗീസ്
അറ്റ്ഡന്റ് കാർഗോ)

## ചുമതലയേറ്റു



സീനിയർ മാനേജർ (സെക്യൂരിറ്റി)
ആയി ചുമതലയേറ്റ
**സോണി ഉമ്മൻ കോശി**
**(അസി. കമ്മീഷണർ,**
**ഡെപ്യൂട്ടേഷൻ കേരളാ പോലീസ്)**

# അനന്തതയിൽ അഭയം



**ആന്റണി ജിംബിൾ**
(ബ്യുറോ ഓഫ് ഇമിഗ്രേഷൻ)

അനന്തവിഹായസിൽ അതിദ്രുതം പായുന്ന
ആകാശ സഞ്ചാരയാനങ്ങൾക്കായ്
കണ്ണിമ ചിമ്മാതെ കാത്തുകാത്തിരിക്കുന്നു
കുഞ്ഞിനെ കാത്തമ്മയെപോൽ ഈ
സിയാൽ

കടലോളം പോരുന്ന മോഹസ്വപ്നങ്ങളെ
കരഗതമാക്കുവാൻ കൈക്കുമ്പി
ളിലാക്കുവാൻ

കടൽകടന്നക്കരെ പോകുവാനെത്തുമ്പോൾ
നെഞ്ചോടു ചേർക്കുന്നോരമ്മപോൽ ഈ
സിയാൽ

പ്രിയരെ വിട്ടകലുമ്പോളൊഴുകുന്ന കണ്ണു
നീർത്തുള്ളിയും ഉയരുന്നൊരാശങ്കയും
മാറോടുചേർത്തമ്മ തുടച്ചുമാറ്റീടുന്നു.
നിർഗ്ഗമന വാതിൽക്കൽ കണ്ണീരോടെ.

നോക്കെത്താദൂരത്ത്പോയ തൻ കു
ഞ്ഞിനെ കാത്തിരിക്കുന്നമ്മ
കൺകുളിർക്കെ കാണുവാൻ
ചാരെയെത്തുമ്പോൾ കെട്ടിപ്പുണർന്നമ്മ
മുത്തംപകരുന്നു ആഗമന വാതില്ക്കൽ
ഇല്ല മറക്കില്ലൊരു മാനവും
ഈയമ്മയേകുന്ന മാതൃസ്നേഹം
ഒരു വട്ടമീ മടിത്തട്ടിലിറങ്ങിയാൽ
മായാതെ നില്ക്കുമൊരു ജന്മംവരെ

## ഒന്നാം റാങ്ക്



അശ്വതി ജയരാജ്
ട്രെയിനി, ഡ്യൂട്ടി ഫ്രീ ഡിപ്പാർട്ട്മെന്റ്
ഒന്നാം റാങ്ക്- ജൂണിയർ ഡിപ്ലോമ ഇൻ
കൊ-ഓപറേഷൻ



## IDEA BOX




എൻ. കെ നവാസ്

യാത്രക്കാർക്ക് സിയാൽ ഏർപ്പെടുത്തിയ സൗജന്യ ബാഗേജ് വെയിങ് മെഷീൻ. ഫയർ സൂപ്പർവൈസർ എൻ. കെ നവാസിന്റെ ആശയമാണിത്. ഇത്തരം ആശയങ്ങൾ ഉണ്ടെങ്കിൽ 'എന്റെ സിയാലിന്' അയച്ചു തരിക.



മേഴ്സിഡസ് ട്രോഫി (ബി. കാറ്റഗറി), ടോളിൻസ് ട്രോഫി, മുത്തൂറ്റ് ട്രോഫി എന്നിവയിൽ മികച്ച വിജയം കരസ്ഥമാക്കിയ ഗോൾഫർ രാജേഷ് അരീക്കൽ (സീനിയർ അസിസ്റ്റന്റ് -ഫയർ)



46-മത് കേരള റൈഫിൾ ഷൂട്ടിങ് ചാമ്പ്യൻഷിപ്പിൽ രണ്ട് സ്വർണ്ണവും ഒരു വെങ്കലവും (ടീം ഈവന്റ്) നേടിയ ലിനു ചാണ്ടി (സൂപ്പർവൈസർ- ഫയർ)

## നവദമ്പതിമാർ



അഗസ്റ്റിൻ ജോർജ് (സീനിയർ അസി. എച്ച്.ആർ)
ജിസ്മോൾ തോമസ്



ജേക്കബ് ബാബു (ജൂനിയർ മാനേജർ, ഓപ്പറേഷൻസ്)
ജിബി സണ്ണി

# സിയാലിന്റെ ജുഗാദ്

ജുഗാദ് ! വെറും നാന്നൂറുകോടി രൂപ മുതൽ മുടക്കിൽ നാൽപ്പത് കോടി കിലോമീറ്റർ അകലെ ചൊവ്വാഗ്രഹത്തിലേയ്ക്ക് ഇന്ത്യ ഒരു പേടകം അയച്ചപ്പോൾ ലോകം ചർച്ച ചെയ്ത പദമാണിത്. മുടക്കുമുതലിനെ ദൂരം കൊണ്ട് ഹരിച്ചാൽ ഓട്ടോറിക്ഷാ യാത്രയേക്കാൾ ചെലവുകുറഞ്ഞതാണ് ചൊവ്വായാത്രയെന്ന് മനസ്സിലാകും. കിലോമീറ്ററിന് വെറും പത്തുരൂപ ! ഇക്കാര്യവും സൈബർ ലോകം ഏറെ ചർച്ചചെയ്തിരുന്നു. അർപ്പണ മനോഭാവമുണ്ടങ്കിൽ ഏത് മഹാകാര്യവും ലളിതമായ വഴികളിലൂടെ ചെയ്യാൻ കഴിയുമെന്ന ഇന്ത്യൻ തത്ത്വമാണ് ജുഗാദ്. കാശിന്റെ കാര്യത്തിൽ മാത്രമല്ല, രൂപകൽപ്പനയിലും ചിന്തയിലും പ്രയോഗത്തിലുമെല്ലാം തികഞ്ഞ ലാളിത്യം. സ്കൂട്ടറിനെ റൈസ് മില്ലാക്കുന്നതും ഓലമടലിനെ ക്രിക്കറ്റ് ബാറ്റാക്കുന്നതും കാറിന്റെ ഡോറിൽ വിജാഗിരി വയ്ക്കുന്നതും മിസ്ഡ് കോളിൽ കാര്യം പറയുന്നതും ഞവരയിലയിൽ കരൾരോഗം മാറ്റുന്നതുമെല്ലാം ലക്ഷണമൊത്ത ഇന്ത്യൻ ജുഗാദുകളാണ്.

ആയിരക്കണക്കിന് കോടികൾ മുടക്കി സങ്കീർണമായ എടുപ്പുകെട്ടുകളിൽ ലോകമെങ്ങും വിമാനത്താവളം പണികഴിച്ചപ്പോൾ വെറും 300 കോടിയ്ക്ക് നമ്മൾ കാര്യമൊപ്പിച്ചു. ഗുണമേൻമയിൽ ഒട്ടും കുറയ്ക്കാതെ ലാളിത്യത്തിന്റെ ക്ഷേത്ര മാതൃക ! സിയാലിന്റെ ചിരിയും ചിന്തയുമെല്ലാം ഈ ലാളിത്യമാണ്. ഈ സ്ഥാപനത്തിന്റെ ഉച്ചിയിൽ വച്ച കൈകൾക്ക് നേരിന്റേയും ലാളിത്യത്തിന്റേയും തെളിഞ്ഞ ബുദ്ധിയുണ്ടായിരുന്നു. ആ ബുദ്ധിയിൽ നിന്ന് ജലവും ലവണവുമാർജിച്ച് സിയാലിന്റെ വേരുകൾ പടർന്നു. സിയാൽ സംസ്ക്കാരത്തിന്റെ വൃക്ഷം വളർന്നുവലുതായി. അതിൽ ഇന്ത്യൻ ജുഗാദിന്റെ ഇലകൾ തുള്ളിക്കളിച്ചു. അങ്ങനെയുള്ള സിയാലിന് ഒരു ലോഗോയുണ്ടാക്കാനുള്ള ശ്രമങ്ങൾ തുടങ്ങിയപ്പോൾ തന്നെ ലാളിത്യമെന്ന ചിന്ത എല്ലാവരിലും സംക്രമിച്ചിരുന്നു. കേരളം-തെങ്ങ്-കുരുത്തോല-വിമാനം. ഉള്ളിൽ ആരേയും ആർദ്രമാക്കുന്ന പച്ചപ്പിന്റെ പ്രസാദം. തോരണത്തിന്റെ ആഘോഷം. മുകളിലേയ്ക്കുള്ള കുതിപ്പിന്റെ ഭാവം.

ഇഡിയം എന്ന സ്ഥാപനം ഞങ്ങളുമായി ആദ്യവട്ട ചർച്ചയ്ക്ക് വന്നപ്പോൾ തന്നെ ഈയൊരു ചിന്ത പങ്കുവച്ചിരുന്നു. തുടർന്ന് എട്ടുമാസം നീണ്ട പ്രയത്നം. നിരവധി സംവാദങ്ങൾ, ഇന്റർവ്യൂ, സർവെ.....കലാപരമായ കാര്യങ്ങളിൽ തനിക്ക് വലിയ പിടിപാടില്ലെന്ന് എം.ഡി എപ്പോഴും പറയുമായിരുന്നെങ്കിലും ലോഗോയുടെ സൂക്ഷ്മ വിശദാംശങ്ങളിൽ പോലും അദ്ദേഹത്തിന്റെ അഭിപ്രായം വന്നു. നിറത്തിൽ , എഴുത്തിൽ , അക്ഷരത്തിൽ , അച്ചടിയെലെല്ലാം എം.ഡി.യുടേയും വ്യക്തമായ അഭിപ്രായങ്ങൾ വന്നു. അവയെല്ലാം പരിഗണിച്ച് ചർച്ചകൾ മുന്നേറി. ഒടുവിൽ സപ്തംബർ അവസാനത്തോടെ സിയാലിന് ആദ്യമായി ഒരു പ്രൊഫഷണൽ ലോഗോയുണ്ടായി; ലാളിത്യത്തിന്റെ എല്ലാ നിറവോടെ.....നാളിത്രയും സിയാൽ പിന്തുടർന്നു വന്ന മൂല്യങ്ങളുടെ ചാരുതയോടെ..... നവംബർ പതിനേഴിന് ബഹുമാനപ്പെട്ട മന്ത്രി ശ്രീ.കെ.ബാബു സിയാലിന്റെ പുതിയ ലോഗോ പ്രകാശനം ചെയ്തു. കുരുത്തോലച്ചന്തത്തിൽ അലങ്കരിച്ച വേദിയിൽ സിയാലിന്റെ ലോഗോ പ്രകാശം തെളിഞ്ഞു.

ഇനി വലിയ കടമ്പകളാണ് നമുക്ക് മുന്നിലുള്ളത്. ഈ ലോഗോയെ പ്രചരിപ്പിക്കുന്നതിലുമപ്പുറം, നമ്മുടെ എല്ലാ ആശയവിനിമയ ഉപാധികളിലും ലോഗോയുടേയും അതിൽ കൽപ്പിച്ചിരിക്കുന്ന നിറങ്ങളുടേയും രൂപവിതാനങ്ങൾ കൊണ്ടുവരേതുണ്ട്. ആ ശ്രമങ്ങളിൽ നിങ്ങൾ ഓരോരുത്തരുടേയും സജീവമായ പങ്ക് ക്ഷണിച്ചുകൊണ്ട് നിറുത്തട്ടെ....



പി എസ് ജയൻ
എഡിറ്റർ

## CIAL LOGO VERSIONS

CIAL
COCHIN INTERNATIONAL AIRPORT LIMITED

cochin
INTERNATIONAL AIRPORT

cochin
DUTY FREE

CIAL
INFRASTRUCTURES LTD.

CIASL
COCHIN INTERNATIONAL AVIATION SERVICES LIMITED


ARFF
COCHIN INTERNATIONAL AIRPORT
DRAGON X6
1
IVECO
MAGIRUS

ARFF TEAM